# പതിനഞ്ചാം കേരള നിയമസഭ

# മൂന്നാം സമ്മേളനം

Thursday, 28 October, 2021

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--310]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ധനകാര്യ വകുപ്പ് മന്ത്രി | : 4111 മുതൽ 4198 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 4199 മുതൽ 4276 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 4277 മുതൽ 4347 വരെ |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി | : 4348 മുതൽ 4420 വരെ |

### ധനകാര്യ വകുപ്പിൽ നിന്നുള്ള പ്രസിദ്ധീകരണങ്ങൾ

4111 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ധനകാര്യ വകുപ്പും വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളും പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങൾ ഏതൊക്കെയാണ്; നിലവിൽ ഇവ പ്രസിദ്ധീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രസിദ്ധീകരണങ്ങൾക്കും നോട്ടീസുകൾക്കും പത്രപരസ്യങ്ങൾക്കും ക്ഷണക്കത്ത്, ആശംസാകാർഡ് എന്നിവയ്ക്കുമായി സർക്കാർ ഖജനാവിൽ നിന്നും ചെലവാക്കിയ തുക എത്ര വീതമാണ്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ കൂടിയുള്ള പരസ്യങ്ങൾക്കും അനൗൺസ്മെന്റുകൾക്കും മറ്റു പ്രചരണ പരിപാടികൾക്കുമായി ഖജനാവിൽ നിന്നും ചെലവഴിച്ച തുക എത്രയാണ്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ യോഗങ്ങൾ, ബോധവൽക്കരണ പരിപാടികൾ മറ്റു പൊതുപരിപാടികൾ എന്നിവയ്ക്കായി ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

### പൊതുമേഖലയിലെ ബാങ്കിംഗ് ഇതര ധനകാര്യ ഇടപാടുകൾ

4112 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാങ്കിംഗ് ഇതര ധനകാര്യ ഇടപാടുകൾ നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; റിസർവ് ബാങ്കിന്റെ എൻ.ബി.എഫ്.സി.

രജിസ്ട്രേഷൻ ഇല്ലാതെ നിയമവിരുദ്ധമായാണ് ഇവയിൽ ചില സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് നിലവിൽ എൻ.ബി.എഫ്.സി. രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**ജനപ്രതിനിധികളിൽ നിന്നും ഈടാക്കിയ ഓണറേറിയം തിരികെ നൽകുന്നതിന് നടപടി**

4113 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19-ന്റെ ഭാഗമായി ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നും ഈടാക്കിയ ഓണറേറിയം തിരികെ നൽകുന്നതിന് ധനവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഓണറേറിയം തിരികെ നൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറിമാർക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തുക പഞ്ചായത്തുകളുടെ അക്കൗണ്ടിൽ തിരികെ ലഭ്യമാക്കി ജനപ്രതിനിധികൾക്ക് വിതരണം ചെയ്യുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

**കേന്ദ്രസർക്കാരിന്റെ ധനസഹായം**

4114 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-2021 സാമ്പത്തിക വർഷം വരെ സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിന്റെ ധനസഹായമായി എത്ര രൂപ ലഭ്യമായി എന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികൾക്കായാണ് ഈ തുക ലഭ്യമായിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ലഭ്യമായ തുക മുഴുവൻ ഉപയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദമാക്കാമോ?

**കൊടുവള്ളി മണ്ഡലത്തിൽ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

4115 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കൊടുവള്ളി നിയോജക മണ്ഡലത്തിൽ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള തുക എത്ര വീതമാണെന്നറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

**സർക്കാർ കടമെടുക്കുന്ന തുകയുടെ വിനിയോഗം**

4116 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസന പദ്ധതികൾ നടപ്പാക്കാനെന്ന പേരിൽ റിസർവ്വ് ബാങ്ക് വഴി കടം വാങ്ങുന്ന തുക ദൈനംദിന ആവശ്യങ്ങൾക്കും മുമ്പ് കടം വാങ്ങിയ തുക മടക്കി നൽകുന്നതിനും മറ്റും ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ആയത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) കിഫ്ബി വഴി കടമെടുക്കുന്ന തുക മടക്കി നൽകുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഈ സർക്കാരിന്റെയും മുൻ സർക്കാരിന്റെയും കാലങ്ങളിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ വെട്ടിക്കുറച്ചാണോ സർക്കാർ ചെലവുകൾ നിയന്ത്രിക്കുന്നത് എന്ന് വിശദമാക്കാമോ?

## കോട്ടയ്ക്കൽ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

4117 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി കോട്ടയ്ക്കൽ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ എത്ര പദ്ധതികൾക്കാണ് ഇനിയും ഭരണാനുമതി ലഭ്യമാകാനുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രവർത്തനാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമെന്നും ആയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ;

(ഡി) കിഫ്ബിയിൽ ഉൾപ്പെടുത്തി ഇനിയും ഏതെങ്കിലും പദ്ധതികൾ കോട്ടയ്ക്കൽ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

## പെരുവ ഗവൺമെന്റ് സ്കൂളിലെ നിർമ്മാണപ്രവർത്തനങ്ങൾ

4118 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പെരുവ ഗവൺമെന്റ് സ്കൂളിൽ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നൽകിയിരുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൈറ്റ് തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള ഭരണാനുമതിക്കായി സമർപ്പിച്ച ഫയലിൽ (ഫയൽ നമ്പർ എസ്.എ2/3368)ഇതുവരെ സ്വീകരിച്ചുവന്ന നടപടികൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൈറ്റ് എത്രകോടിരൂപയുടെ എസ്റ്റിമേറ്റാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന്

എം.എൽ.എ. ഫണ്ട് അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

**<u>പയ്യന്നൂർ മണ്ഡലത്തിലെ ചൂളക്കടവ് പാലം പ്രവൃത്തി</u>**

4119 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയായ പയ്യന്നൂർ മണ്ഡലത്തിലെ ചൂളക്കടവ് പാലം പ്രവൃത്തിക്ക് അലൈൻമെന്റ് പുതുക്കിയതിന്റെ ഭാഗമായി വന്ന അധിക തുകയ്ക്ക് ധനാനുമതി നൽകുന്ന നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പുതുക്കിയ എസ്റ്റിമേറ്റ് ധനാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(സി) ചൂളക്കടവ് പാലം പ്രവൃത്തിയുടെ പുതുക്കിയ ധനാനുമതി വേഗത്തിൽ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>കുറ്റിപ്പുറം-കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്</u>**

4120 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം-കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി-യുടെ പരിശോധന പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കിഫ്ബി-യുടെ അനുമതി ലഭ്യമാക്കി പദ്ധതി അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>കിഫ്ബി പദ്ധതികൾക്ക് അംഗീകാരം നൽകാൻ നടപടി</u>**

4121 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് ഉപകാരപ്രദമായതും എന്നാൽ മുടങ്ങിക്കിടക്കുന്നതുമായ കുടിവെള്ള പദ്ധതികൾക്ക് അടുത്ത കിഫ്ബി യോഗത്തിൽ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) മുടങ്ങിക്കിടക്കുന്ന ഏതെല്ലാം കുടിവെള്ള പദ്ധതികൾ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആസ്തിവികസന പദ്ധതി</u>**

4122 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പൂർത്തീകരിച്ച പദ്ധതികളിൽ 2016 മുതൽ നാളിതുവരെ ടെൻഡർ സേവിങ്സ് ഇനത്തിൽ ഓരോ വർഷത്തിലും ബാക്കി നിൽക്കുന്ന തുക എത്രയാണെന്ന് അറിയിക്കുമോ;

(ബി) എം.എൽ.എ മാർക്ക് അനുവദിച്ച വിവിധതരം ഫണ്ടുകൾ ഉപയോഗിച്ച് പ്രസ്തുത മണ്ഡലത്തിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളും ക്രമീകരണങ്ങളുമാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ വിവിധ ഇനം പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് എല്ലാ മാസവും അവലോകന യോഗങ്ങൾ ചേരുന്നതിന് ജില്ലാ കലക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന ഏജൻസികൾ

4123 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് പദ്ധതികൾ, പ്രാദേശിക വികസന ഫണ്ട് പദ്ധതികൾ തുടങ്ങി സർക്കാരിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ അനുവദിച്ചിട്ടുള്ള ഏജൻസികൾ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാതെ വന്നാൽ അവയ്ക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് അത്തരത്തിൽ നടപടി സ്വീകരിച്ച് അംഗീകാരം റദ്ദുചെയ്ത ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ എസ്.ഡി.എഫ്. പദ്ധതികൾ

4124 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ മണലൂർ മണ്ഡലത്തിൽ എസ്.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തിയ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും അവ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്നും അറിയിക്കാമോ;

(സി) പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

## പാറശ്ശാല മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ ടെൻഡർ സേവിംഗ്സ് തുക

4125 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ ടെൻഡർ സേവിംഗ്സ് തുക 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിൽ ഓരോന്നിലും എത്രയെന്ന് വിശദമാക്കാമോ?

## നിഷേധിക്കപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ

4126 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പൊതുകടവും കടബാധ്യതയും ചൂണ്ടിക്കാട്ടി ഏതെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതികൾ നിഷേധിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>കാസർകോട് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കെട്ടിടങ്ങൾ</u>**

4127 **ശ്രീ എൻ എ നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലകളിൽ നബാർഡ് - ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കെട്ടിടങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ കെട്ടിടങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പൂർത്തീകരിച്ച കെട്ടിടങ്ങളുടെ കരാറുകാർ ആരൊക്കെയാണെന്നും അവർക്ക് ബില്ലുകൾ നൽകിയോ എന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ബില്ലുകൾ നൽകാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) കരാറുകാർക്ക് പണം നൽകാത്തത് കൊണ്ടാണോ കെട്ടിടങ്ങൾ പണിപൂർത്തീകരിക്കാൻ കഴിയാത്തത് എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഓരോ കെട്ടിടത്തിനും എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>സ്പാർക്കിൽ നൽകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി</u>**

4128 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്ക് മുഖേന നൽകുന്ന സേവനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) സ്പാർക്ക് പി.എം.യു.വിൽ എത്ര ജീവനക്കാർ ഏതെല്ലാം തസ്തികകളിൽ ജോലിചെയ്യുന്നുണ്ടെന്നും ഇവരെ നിയമിച്ചതിന്റെ മാനദണ്ഡം എന്താണെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ;

(സി) സ്പാർക്ക് പി.എം.യു.വിൽ എത്ര പരാതികൾ പരിഹരിക്കാനായി നിലവിലുണ്ടെന്നും പ്രസ്തുത പരാതികൾ എത്രകാലം മുതൽക്കുള്ളതാണെന്നും വിശദവിവരം ലഭ്യമാക്കുമോ;

(ഡി) സ്പാർക്കിന് നൽകുന്ന പരാതികൾ പരിഹരിക്കാൻ കാലതാമസം നേരിടുന്നതുകാരണം ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മുടങ്ങുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സ്പാർക്കിൽ എം.എൽ.എ.മാർ മുഖേന നൽകുന്ന പരാതികൾ പോലും പരിഹരിക്കാത്തതും എം.എൽ.എ.മാർക്ക് മറുപടി നൽകാത്തതുമായ വിഷയം പരിശോധിക്കുമോ;

(എഫ്) സ്പാർക്ക് പി.എം.യു.വിൽ അന്വേഷണങ്ങൾക്കായും ഉദ്യോഗസ്ഥരെ

ബന്ധപ്പെടുന്നതിനുമായി നൽകിയ 2579700 എന്ന ഫോൺ നമ്പറിൽ വിളിച്ചാൽ സ്പാർക്കിലെ ഉദ്യോഗസ്ഥരെ ബന്ധപ്പെടാൻ സാധിക്കാറില്ല എന്നതും ചീഫ് പ്രോജക്ട് മാനേജർ അടക്കമുള്ള ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പറുകൾ വെബ്സൈറ്റിൽ പോലും നൽകാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ എം.എൽ.എ.മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾക്കും പരാതിക്കാർക്കും സ്പാർക്ക് ഓഫീസുമായി ഫോണിൽ ബന്ധപ്പെടുന്നതിനും സ്പാർക്കിൽ നൽകുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും ആവശ്യമായ ക്രമീകരണം ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ അന്വേഷണത്തിന് നിയോഗിക്കൽ</u>

4129 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. സഹകരണസംഘത്തിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്ക് നിയമവിരുദ്ധമായി പ്രമോഷൻ കൊടുക്കുന്നതിന് നേതൃത്വം നൽകിയ ചില ഉദ്യോഗസ്ഥരെയാണ് കരുവണ്ണൂർ സഹകരണസംഘം തട്ടിപ്പ് സംബന്ധിച്ച പരിശോധനയ്ക്കായി നിയമിച്ചിട്ടുള്ളത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസോ വകുപ്പുതല അന്വേഷണമോ നടക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>പെൻഷൻ പരിഷ്കരണ കുടിശ്ശിക വിതരണം</u>

4130 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെൻഷൻകാർക്ക് പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക എത്ര ഗഡുക്കളായി ഏതൊക്കെ മാസങ്ങളിൽ നൽകുമെന്നാണ് ഉത്തരവ് ഇറക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; നാളിതുവരെ എത്ര ഗഡുക്കൾ നൽകിയെന്ന് അറിയിക്കുമോ;

(ബി) 2021 ആഗസ്റ്റ് മാസത്തെ കുടിശ്ശിക ഇവർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

## <u>ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം സംബന്ധിച്ച പരാതികൾ</u>

4131 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിലെ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം എന്താണ്; ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സ്ഥലം മാറ്റപ്പെട്ടതിലൂടെ തുടർച്ചയായി 5 വർഷത്തിലധികമായി ധനകാര്യ സെക്രട്ടേറിയറ്റിന് പുറത്ത് ജോലി ചെയ്യുന്ന എത്ര ഉദ്യോഗസ്ഥർ ഉണ്ടെന്ന് പേരും തസ്തികയും സഹിതം കണക്കുകൾ ലഭ്യമാക്കുമോ;

(സി) ധനകാര്യ സെക്രട്ടേറിയേറ്റിന് പുറത്ത് മൂന്ന് വഷത്തിലധികമായി ജോലി ചെയ്യുന്ന എത്ര വനിതാ ജീവനക്കാർ ഉണ്ട്; തസ്തിക സഹിതം വിശദമായ കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ആരോഗ്യ പ്രശ്നങ്ങൾ ഉള്ള എത്ര ജീവനക്കാരെ ധനകാര്യ സെക്രട്ടറിയേറ്റിന് പുറത്തുള്ള മറ്റ് ഓഫീസുകളിൽ നിയമിച്ചിട്ടുണ്ട്; തസ്തിക സഹിതമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഇ) ധനകാര്യ വകുപ്പിലെ ജീവനക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ പരാതികൾ അനുഭാവപൂർവ്വം അർഹമായ പരിഗണന നൽകി നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

## <u>പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശിക നൽകുവാൻ നടപടി</u>

4132 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ 08/02/2021-ലെ ജി.ഒ.(പി) നം.25/2021/ഫിൻ ഉത്തരവ് പ്രകാരം പെൻഷൻകാർക്ക് അനുവദിച്ച നാല് ഗഡു ക്ഷാമബത്തയിൽ 2021 സെപ്റ്റംബർ മാസം ലഭിക്കേണ്ട മൂന്നാം ഗഡു ക്ഷാമബത്ത കുടിശ്ശിക ഇതുവരെ പെൻഷൻകാർക്ക് ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ക്ഷാമബത്ത കുടിശ്ശിക അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ;?

## <u>സമാന സ്കെയിലിലെ വ്യത്യസ്ഥ തസ്തികകളിൽ എട്ട് വർഷം പൂർത്തിയാക്കിയവർക്ക് ഹയർ ഗ്രേഡ്</u>

4133 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരേ സ്കെയിലിലെ രണ്ട് വ്യത്യസ്ത തസ്തികകളിലും കൂടി എട്ട് വർഷം പൂർത്തിയാക്കിയ ജീവനക്കാർക്ക് ധനകാര്യ വകുപ്പിന്റെ 8/8/2008 ലെ 46/2008/ ഫിൻ നമ്പർ സർക്കുലർ പ്രകാരം ഹയർ ഗ്രേഡ് അനുവദിച്ചിരുന്നോ; പ്രസ്തുത സർക്കുലറിന്റെ പകർപ്പ് നൽകാമോ;

(ബി) ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ ഇപ്പോഴും പാലിക്കുന്നുണ്ടോ;

(സി) പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ഒരു ജീവനക്കാരൻ രണ്ടു വർഷം അതേ തസ്തികയിലും ബാക്കി ആറ് വർഷം സമാനമായ സ്കെയിലിൽ മറ്റൊരു വകുപ്പിലെ മറ്റൊരു തസ്തികയിലും കൂടി എട്ട് വർഷം പൂർത്തിയാക്കിയാൽ സമയ ബന്ധിത ഹയർ ഗ്രേഡിന് അർഹത ലഭിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

## <u>മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി</u>

4134 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക വേണ്ടിയുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ വിഷയത്തിൽ ബഹു. ഹൈക്കോടതിവിധി വന്നിട്ടുള്ള പശ്ചാത്തലത്തിൽ എത്രയും പെട്ടന്ന് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## സ്പാർക്ക് ഓഫീസ് ഹെൽപ്പ് ഡെസ്കിലെ പാകപ്പിഴകൾ പരിഹരിക്കൽ

4135 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്ക് ഓഫീസിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ വിശദമാക്കാമോ;

(ബി) ജില്ലാ തലത്തിൽ സ്പാർക്ക് ഹെൽപ്പ് ഡെസ്കുകൾ ഉണ്ടെങ്കിലും അവിടെ ജീവനക്കാർക്ക് ആവശ്യമായ സഹായം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്പാർക്കിന്റെ ഓഫീസിൽ മെയിൽ ചെയ്ത് വിവരങ്ങൾ അറിയുന്നതിനായി മാസങ്ങളോളം കാത്തിരിക്കേണ്ടിവരുന്നെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ഓഫീസിൽ എത്തുന്ന എം.എൽ.എ.മാരുടെ സ്റ്റാഫിനെ അവിടെ പ്രവേശിപ്പിക്കുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് പ്രത്യേക കൗണ്ടർ തുറക്കുമോയെന്ന് അറിയിക്കുമോ?

## ധനകാര്യവകുപ്പിലെ ജീവനക്കാരുടെ ട്രാൻസ്ഫർ

4136 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ വകുപ്പിൽനിന്നും സെക്രട്ടേറിയറ്റിന് പുറത്ത് മറ്റ് ഓഫീസുകളിലേക്ക് ട്രാൻസ്ഫർചെയ്ത എത്ര ഉദ്യോഗസ്ഥരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ട്രാൻസ്ഫറിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര ഉദ്യോഗസ്ഥരുടെ അപേക്ഷകൾ മെഡിക്കൽ ബോർഡിന്റെ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്; വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഇനി എത്ര അപേക്ഷകൾ പെന്റിങ് ആയി പരിഗണിയിലുണ്ട്; പ്രസ്തുത ഉദ്യോഗസ്ഥർ ഹാജരാക്കിയ മെഡിക്കൽ റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) മേൽ ചോദ്യങ്ങളുമായി ബന്ധപ്പെട്ട ഫയലുകളുടെ പ്രസക്തഭാഗത്തിന്റെ പകർപ്പുകൾ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## സ്റ്റാറ്റ്യൂട്ടറി പെൻഷൻ ലഭിക്കുന്നതിന് നടപടി

4137 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.04.2013-ന് മുമ്പുള്ള പി.എസ്.സി. വിജ്ഞാപനപ്രകാരം അപേക്ഷിച്ചതും 01.04.2013-നുശേഷം നിയമനം ലഭിച്ചവരുമായവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കോഴിക്കോട് ആസ്ഥാനമായി സ്പാർക്കിന്റെ പുതിയ ഓഫീസ് ആരംഭിക്കുന്നതിന് നടപടി**

4138 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്കിൽ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രോസസ്സ് ചെയ്യുന്ന വിവിധ ബില്ലുകളിലെ തകരാറുകൾ പരിഹരിക്കുന്നതിനും വടക്കൻ ജില്ലകളിലുള്ളവർക്ക് തിരുവനന്തപുരത്തെ കേരള സർവകലാശാല ക്യാമ്പസിൽ പ്രവർത്തിക്കുന്ന സ്പാർക്ക് ഓഫീസിലേക്ക് ദീർഘദൂരം യാത്രചെയ്യേണ്ടിവരുന്നത് പ്രയാസമുണ്ടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണ്ണൂരിൽ നിലവിലുള്ള സ്പാർക്കിന്റെ റീജിയണൽ ഓഫീസിന് പരിമിതമായ അധികാരങ്ങൾ മാത്രമേ ഉള്ളൂ എന്നത് പരിഗണിച്ച് കോഴിക്കോട് ആസ്ഥാനമായി അധികാരപരിധി വിപുലപ്പെടുത്തി സ്പാർക്കിന്റെ ഒരു പുതിയ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**സ്പാർക്കിൽ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തുന്നതിന് നടപടി**

4139 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്കിൽ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ മന്ത്രിമാരുടേയും പ്രതിപക്ഷനേതാവിന്റെയും പേഴ്സണൽ സ്റ്റാഫിൽ 2016-21 കാലയളവിൽ പുനർനിയമന വ്യവസ്ഥപ്രകാരം ജോലിചെയ്തിരുന്നവർക്ക് ടെർമിനൽ സറണ്ടറും 1.7.2019 മുതലുള്ള ശമ്പളപരിഷ്കരണ കുടിശ്ശികയും അനുവദിക്കുന്നതിന് കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പാർക്കിൽ ഇതിനുള്ള ക്രമീകരണം അടിയന്തരമായി ഏർപ്പെടുത്തി മേൽപ്പറഞ്ഞ ടെർമിനൽ സറണ്ടറും ശമ്പളപരിഷ്കരണ കുടിശ്ശികയും വിതരണം ചെയ്യുമോ; വിശദാംശം നൽകുമോ?

**സ്പാർക്കിലെ സാങ്കേതിക പ്രശ്നം പരിഹരിക്കുവാൻ നടപടി**

4140 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽനിന്നും റിട്ടയർ ചെയ്ത അധ്യാപകരുടെ സർവ്വീസ് കാലയളവിലെ പിശകുകൾ തിരുത്തുന്നതിന് സ്പാർക്ക് സോഫ്റ്റ് വെയറിൽ ചില സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**കൽപ്പറ്റ മണ്ഡലത്തിലെ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ ഫണ്ട്**

4141 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ്

ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം വകയിരുത്തിയ ഫണ്ടിൽ പ്രവൃത്തി പൂർത്തിയാക്കിയതും പ്രവൃത്തി ആരംഭിച്ചതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## സാക്ഷരതാ പ്രേരക്മാരുടെ പുനർവിന്യാസവും അലവൻസും

4142 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ പ്രേരക്മാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുമെന്നും അവരുടെ അലവൻസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അധികമായി ലഭ്യമാക്കുമെന്നുമുള്ള 2021 ജനുവരി 15 ലെ ബജറ്റ് പ്രസംഗത്തിലെ 214-ാം ഖണ്ഡികയിലെ തീരുമാനത്തിൻമേൽ അനന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

4143 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 ബജറ്റിൽ മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

## വിധവ പെൻഷൻ

4144 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 50 വയസ്സിന് താഴെ പ്രായമുള്ളതും ഭർത്താവ് ഉപേക്ഷിച്ചതുമായ സ്ത്രീകൾക്ക് നിലവിൽ പെൻഷൻ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ക്ഷേമപെൻഷൻ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) വളരെ പാവപ്പെട്ടവരും, സംരക്ഷിക്കാൻ ആരുമില്ലാത്തവരും പ്രായപൂർത്തിയായ ആൺമക്കൾ ഇല്ലാത്തവരുമായ ഭർത്താവ് ഉപേക്ഷിച്ച 50 വയസ്സിന് താഴെ പ്രായമുള്ള സ്ത്രീകൾക്ക് മറ്റേതെങ്കിലും വിധത്തിൽ അർഹതയുണ്ടെങ്കിൽ പെൻഷൻ ലഭ്യമാക്കാൻ പ്രത്യേക പരിഗണന നൽകി നടപടി സ്വീകരിക്കുമോ?

## നികുതി പിരിവ് ഊർജ്ജിതപ്പെടുത്തൽ

4145 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്ത് നികുതി പിരിവിൽ വർദ്ധന കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; എത്ര ശതമാനം വർദ്ധനവ് ഉണ്ടായെന്ന് അറിയിക്കുമോ;

(ബി) വർദ്ധനവ് ഉണ്ടായിട്ടില്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

## നികുതിചോർച്ചയും ഉപഭോക്തൃ ചൂഷണവും തടയാൻ നടപടി

4146 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ കാലയളവിൽ കടകളും ഇതരസ്ഥാപനങ്ങളും ഉപഭോക്താക്കൾക്ക് ബിൽ നല്കാതെ സാധന സാമഗ്രികൾ നൽകിവന്നതായും തുടർന്ന് ലോക്ഡൗൺ പിൻവലിച്ചതിനുശേഷവും ചില സ്ഥാപനങ്ങൾ ആയത് തുടരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നികുതിചോർച്ചയ്ക്കും ഉപഭോക്തൃ ചൂഷണത്തിനും കാരണമാകുന്ന ഇത്തരം പ്രവർത്തനങ്ങൾ തടയുവാനായി സ്വീകരിയ്ക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## കോർപ്പറേഷനുകളിൽ ഫിനാൻസ് ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി

4147 **ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ എം വിൻസെൻറ്**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി കോർപ്പറേഷനിലെ നികുതി വെട്ടിപ്പ് നടന്നതായിട്ടുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങളിൽ ഫണ്ട് കൃത്യമായി മാനേജ് ചെയ്യുന്നതിനും ഫണ്ട് തിരിമറി ഇല്ലാതാക്കുന്നതിനും സർക്കാറിന്റെ സമയാസമയങ്ങളിലുള്ള വ്യയ നിയന്ത്രണങ്ങൾ കൃത്യമായി പാലിക്കുന്നതിനും ധനകാര്യ വകുപ്പിൽ നിന്നുമുള്ള ഫിനാൻസ് ഓഫീസർമാരെ സിറ്റി കോർപ്പറേഷനുകളിൽ നിയമിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;?

## ആഭ്യന്തര ഉത്പാദനത്തിന് അനുസൃതമായ നികുതി

4148 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന് അനുസൃതമായ നികുതി ലഭിക്കുന്നില്ല എന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

## ധനസമ്പാദനമേഖലകളിലെ നികുതിവെട്ടിപ്പും നികുതിചോർച്ചയും

4149 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാപാരമേഖല ഉൾപ്പെടെയുള്ള വിവിധ ധനസമ്പാദനമേഖലകളിലെ നികുതിവെട്ടിപ്പും നികുതിചോർച്ചയും ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ ഈ സർക്കാർ കാലയളവിൽ പ്രസ്തുത വിഭാഗങ്ങളിൽ ഉണ്ടായ ക്രമക്കേടുകൾ കണ്ടെത്താനും വരുമാന നഷ്ടം തടയാനും വകുപ്പിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ബാങ്കുകളിലെ വായ്പാ നിക്ഷേപ അനുപാതം

4150 **ശ്രീ എ കെ എം അഷ്‌റഫ്**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ, ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ എന്നിവയുടെ വായ്പാ നിക്ഷേപ അനുപാതം എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് ദേശീയ ശരാശരിയേക്കാൾ കുറവാണോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഈ അനുപാതം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ

4151 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന കേന്ദ്രവിഹിതം അകാരണമായി വെട്ടിക്കുറച്ചതും ജി.എസ്.റ്റി. വിഹിതം കൃത്യസമയത്ത് ലഭിക്കാത്തതും കാരണം ഉണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ?

## കേന്ദ്ര നികുതി വിഹിതത്തിലെ കുറവ്

4152 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് കിട്ടേണ്ട തുകയിൽ മുൻ വർഷങ്ങളിൽ കേന്ദ്രസർക്കാർ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം കുറയ്ക്കുന്നത് സംസ്ഥാന സമ്പദ് വ്യവസ്ഥയെ ഏതുതരത്തിലാണ് ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അർഹതപ്പെട്ട നികുതി വിഹിതത്തിൽ ഗണ്യമായ കുറവ് വരുമ്പോഴും വികസന പ്രവർത്തനങ്ങളും മറ്റ് അത്യാവശ്യ ചെലവുകളും യാതൊരു മുടക്കവും കൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## ആകസ്മിക പരിശോധന നടത്തുവാനുള്ള ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അധികാരം

4153 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകൾ, ഗ്രാൻഡ്-ഇൻ-എയ്ഡ് സ്വീകരിച്ചുവരുന്ന സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ വൻ ക്രമക്കേടുകൾ നടന്നുവരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ആകസ്മിക പരിശോധന നടത്തുവാനായി ധനകാര്യ പരിശോധനാ വിഭാഗത്തിന് അധികാരം നൽകുന്ന ജി.ഒ.(പി) നമ്പർ 59/2020/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള ഫിനാൻഷ്യൽ കോഡ് ഒന്നാം വാല്യത്തിലെ നിർദ്ദിഷ്ട വകുപ്പ് ഭേദഗതി ചെയ്തുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ഉത്തരവ് അട്ടിമറിക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിൽ ശ്രമങ്ങൾ നടക്കുന്നതായുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ധനകാര്യ പരിശോധനാ വിഭാഗത്തിന് ശക്തി പകരുന്ന പ്രസ്തുത ഉത്തരവ് കർശനമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## സ്പാർക്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

4154 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്ക് സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ നടപ്പാക്കിയ ഭരണപരമായ പരിഷ്കരണ നടപടികൾ വിശദമാക്കാമോ;

(ബി) സ്പാർക്കിൽ ലഭ്യമാകുന്ന മെയിൽ സന്ദേശങ്ങൾക്കും മറ്റും യഥാസമയം മറുപടി നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) 09/08/2021 വരെ സ്പാർക്കിൽ ലഭിച്ചിട്ടുള്ളതായ 6723 മെയിൽ സന്ദേശങ്ങളിൽ ഇനിയും മറുപടി ലഭ്യമാക്കാത്ത എത്ര സന്ദേശങ്ങൾ ഉണ്ട് എന്നറിയിക്കാമോ;

(ഡി) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമവും സൗഹാർദ്ദപരവുമാക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

## സ്റ്റാന്റ് എലോൺ പദ്ധതി

4155 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മധുര ദേശീയ പാതയിൽ എൻ.എച്ച്. 85 ൽ കോതമംഗലം മണ്ഡലത്തിലെ

മാതിരപ്പിള്ളി മുതൽ കോഴിപ്പിള്ളി വരെ വരുന്ന മാതിരപ്പിള്ളി കോഴിപ്പിള്ളി എൻ.എച്ച്. ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത ബൈപ്പാസ് സ്റ്റാന്റ് എലോൺ പദ്ധതിയായി നടപ്പിലാക്കുന്നതിനുവേണ്ടി ധനകാര്യ വകുപ്പിലെ Computer Number 1799843, B1/176/Ind/PWD/Fin എന്ന ഫയലിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത എൻ.എച്ച്. ബൈപ്പാസ് സ്റ്റാന്റ് എലോൺ പദ്ധതിയായി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സാമ്പത്തിക പ്രതിസന്ധി

4156 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ടോ;

(ബി) ഈ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ എന്ന സ്ഥാപനം നടത്തിയ പഠനം കോവിഡ് കാലത്ത് മറ്റു രാജ്യങ്ങളും സംസ്ഥാനങ്ങളും സ്വീകരിച്ച സാമ്പത്തിക നടപടികളെയും പരിഹാരമാർഗ്ഗങ്ങളെയും കുറിച്ചുള്ളതാണോ;വ്യക്തമാക്കാമോ;

(സി) കോവിഡ് വ്യാപനം തുടങ്ങിയതിനുശേഷം സാമ്പത്തിക പ്രതിസന്ധിയും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് എത്ര പഠനങ്ങളാണ് സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ളത്;

(ഡി) ഈ പഠനങ്ങളോരോന്നും ഏതൊക്കെ സമിതികളും ഏജൻസികളും ആണ് നടത്തിയത്; ഇവയുടെ പേരും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ഇ) ഈ പഠനങ്ങളുടെ റിപ്പോർട്ടുകൾ സർക്കാരിന് ലഭിക്കുകയുണ്ടായോ; എങ്കിൽ ഈ റിപ്പോർട്ടുകളിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പഴയങ്ങാടി സബ്ട്രഷറി കെട്ടിട നിർമ്മാണം

4157 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻകെൽ നിർവ്വഹണ ഏജൻസി മുഖേന പ്രവൃത്തി നടന്നുവരുന്ന ഇരുനൂറ്റി നാല്പത്തിമൂന്ന് ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പഴയങ്ങാടി സബ്ട്രഷറി കെട്ടിട നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്; എത്രയും വേഗം പ്രവൃത്തി പൂർത്തിയാക്കി കെട്ടിടം ഉദ്ഘാടനം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ?

## സ്പാർക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി ശമ്പള കുടിശ്ശികയും ആനുകൂല്യങ്ങളും നൽകാൻ നടപടി

4158 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്താത്തതിനാൽ 2016-21 കാലയളവിൽ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫിൽ പുനർനിയമന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ തുക നൽകുന്നതിനും, 01/ 07/ 2019 മുതൽ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള കുടിശ്ശിക നൽകുന്നതിനും കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ സ്പാർക്കിൽ ഇതിനായുള്ള ക്രമീകരണം വരുത്തി പ്രസ്തുത ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ തുകയും ശമ്പള കുടിശ്ശികയും നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതി

4159 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷ ൻ പദ്ധതി നടപ്പിലാക്കിയത് ഏത് തീയതി മുതൽ ആണെന്ന് വ്യക്തമാക്കാമോ;

(ബി) കാറ്റഗറി നമ്പർ 508/2009 പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ച കുറച്ചുപേർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയും കുറച്ചുപേർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷനും നൽകുന്നത് ശരിയായ നടപടിയാണോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽ വരുന്നതിന് മുമ്പ് പി.എസ്.സി. പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽ വരുന്നതിനു മുമ്പ് വിജ്ഞാപനം ചെയ്ത തസ്തികകളുടെ റാങ്ക് ലിസ്റ്റിൽ നിന്നും 2013 ഏപ്രിൽ ഒന്നിന് ശേഷം നിയമനം ലഭിച്ചവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നൽകുന്ന കാര്യം സർക്കാരിന് തീരുമാനിക്കാം എന്ന പങ്കാളിത്ത പെൻഷൻ പുന:പരിശോധനാ സമിതിയുടെ ശിപാർശ ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്തു തുടർനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## കായണ്ണ ജി .എച്ച് .എസ്.എസ്. ന് സ്കൂൾ വാഹനം

4160 **ശ്രീ. കെ.എം.സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തിൽ ബാലുശ്ശേരി മുൻ എം.എൽ.എ കായണ്ണ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനും, ഒള്ളൂർ G L P സ്കൂളിനും വാഹനം അനുവദിച്ചിട്ടും കായണ്ണ G.H.SS ന് മാത്രം വാഹനം നൽകാൻ കഴിയാത്തത് പരിഹരിക്കുന്നതിന് ഭരണ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചതായി ധനകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ 5-10-2018 ന് മുൻ എം.എൽ.എ രണ്ട് സ്കൂളുകൾക്കും, ബസ്സ് അനുവദിക്കാൻ നിർദ്ദേശിച്ചിട്ടും കായണ്ണ G.H.SS ന് മാത്രം ബസ്സ് അനുവദിക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ;

(ബി) പ്രസ്തുത വാഹനം വാങ്ങുന്നതിന് എത്ര തുകയാണ് അനുവദിച്ചിരുന്നത്; ഇപ്പോൾ ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് തുകയുള്ളത് എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്കൂളിന് വാഹനം വാങ്ങുന്നതിനായി അധിക തുക 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിക്കാൻ കഴിയുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

**<u>ജനങ്ങളെ സഹായിക്കുന്നതിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ</u>**

4161 **ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഓണാഘോഷ കാലത്ത് ജനങ്ങളെ സഹായിക്കുന്നതിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെ ആണെന്ന് അറിയിക്കുമോ;

(ബി) ഇത്തരം പ്രവർത്തനങ്ങൾക്കായി പ്രതിസന്ധി കാലത്തും എത്ര കോടി രൂപ ചെലവഴിച്ച എന്നറിയിക്കുമോ?

**<u>കതിരൂർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം</u>**

4162 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ കതിരൂർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിലുള്ള ഫയലിന്റെ {ഇ-ഫയൽ നമ്പർ-1867972) നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>നഗരസഭയിലെ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിലെ കാലതാമസം</u>**

4163 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകൾക്ക് പെൻഷൻ ഫണ്ടിനത്തിൽ സർക്കാർ നൽകാനുള്ള തുക സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കാമോ;

(ബി) പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് നഗരസഭകൾ സാമ്പത്തികമായി പ്രയാസപ്പെടുന്ന സാഹചര്യത്തിൽ പഞ്ചായത്തുകൾക്ക് സമാനമായി നഗരസഭകളുടെ ജീവനക്കാർക്ക് പെൻഷൻ സർക്കാർ നൽകുന്ന കാര്യം പരിഗണിക്കാമോ?

**<u>സ്റ്റാറ്റ്യൂട്ടറി പെൻഷൻ</u>**

4164 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് വിജ്ഞാപനം ഇറങ്ങിയ തസ്തികകളിൽ പ്രസ്തുത പദ്ധതി നിലവിൽ വന്നതിന് ശേഷം നിയമനം ലഭിച്ചവരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിലേക്ക് ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയുടെ പരിഗണന വിഷയങ്ങൾ**

4165 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയുടെ പരിഗണന വിഷയങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സമിതിയുടെ റിപ്പോർട്ടിൻമേലുള്ള ഫയൽ പരിശോധന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ പ്രസ്തുത സമിതി കണ്ടെത്തിയ കേരളത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ ഇതര സംസ്ഥാനങ്ങളുടെ അനുഭവവും ഇപ്പോഴത്തെ സ്ഥിതിയും സംബന്ധിച്ച് പ്രസ്തുത സമിതിയുടെ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**കരിമ്പുഴയ്ക്കു കുറുകെ ഏനാന്തി പാലം നിർമ്മാണം**

4166 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ കരിമ്പുഴയ്ക്കു കുറുകെ ഏനാന്തി പാലം നിർമ്മാണത്തിന്റെ അഡീഷണൽ ഫിനാൻഷ്യൽ സാംങ്ഷനുള്ള ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിലെ ഏത് വിഭാഗത്തിലാണുള്ളതെന്ന് അറിയിക്കാമോ; ഫയൽ എന്നാണ് ധനകാര്യ വകുപ്പിലെത്തിയതെന്നും ധനകാര്യ വകുപ്പിന്റെ നാളിതുവരെയുള്ള നടപടികളും വിശദമാക്കാമോ;

(ബി) ധനകാര്യ വകുപ്പിലെ മേൽ ഫയലിൽ എന്തെങ്കിലും ക്വറി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് അനുവദിക്കാമോ; അധിക ധനാനുമതി നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പാതിവഴിയിൽ നിർമ്മാണം നിലച്ച പ്രസ്തു പ്രവൃത്തി പുനരാരംഭിക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിക്കുന്നതിന് ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; അധിക ധനാനുമതി എന്നത്തേക്ക് നൽകാനാവുമെന്ന് വ്യക്തമാക്കാമോ?

**കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ വാമനപുരം മണ്ഡലത്തിലെ സ്കൂളുകൾ**

4167 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വാമനപുരം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് കിഫ്ബി പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

**എകരൂൽ കക്കയം ഡാം സൈറ്റ് റോഡ് നവീകരണം**

4168 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എകരൂൽ കക്കയം ഡാം സൈറ്റ് റോഡ് ആധുനിക രീതിയിൽ നവീകരിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

**പയ്യന്നൂർ മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനം**

4169 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ഞൂറിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കിഫ്ബി വഴി നടപ്പിലാക്കിയ ഒരു കോടി രൂപയുടെ പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ വർഷം ഈ പദ്ധതിയിൽ പുതിയ വിദ്യാലയങ്ങളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വഴിയുള്ള സ്കൂൾ പ്രവൃത്തികൾ**

4170 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം കിഫ്ബി ഫണ്ട് വഴി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ സ്കൂളുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത സ്കൂളുകൾക്ക് അനുവദിക്കപ്പെട്ട തുക എത്ര വീതമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

**ആലപ്പുഴ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

4171 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ നാളിതുവരെ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരം, ചെലവായ തുക, നിലവിലെ സ്ഥിതി എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) നിലവിൽ പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ സ്ഥിതിവിവരം ലഭ്യമാക്കുമോ?

## മാവേലിക്കര കല്ലുമല റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം

4172 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച മാവേലിക്കര -കല്ലുമല റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## സംസ്ഥാനത്തിന്റെ നികുതിവരുമാനത്തിൽ ഉണ്ടായ കുറവ് പരിഹരിക്കുന്നതിനുള്ള നഷ്ടപരിഹാരം

4173 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിരക്കിന്മേൽ യാതൊരു നിർണയാധികാരങ്ങളും സംസ്ഥാനങ്ങൾക്ക് ഇല്ലാത്തതിനാലും കോവിഡ് സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യം കണക്കിലെടുത്തും സംസ്ഥാനത്തിന്റെ നികുതിവരുമാനത്തിൽ ഉണ്ടായ കുറവ് പരിഹരിക്കുന്നതിനായുള്ള നഷ്ടപരിഹാരം 2022 ജൂൺ മാസത്തിന് ശേഷവും തുടരണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

## ജി.എസ്.ടി. റിട്ടേൺ

4174 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തികവർഷം വ്യാപാരി-വ്യവസായികളുടെ വാർഷിക റിട്ടേൺ സമർപ്പിക്കലിനും പരിശോധനകളിലും സംസ്ഥാന ധനകാര്യവകുപ്പ് എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിനായി സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ വരുത്തിയ മാറ്റങ്ങളും അതുവഴി നികുതി ചോർച്ച തടയുവാൻ സ്വീകരിച്ച വ്യവസ്ഥകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്ന വ്യാപാരി-വ്യവസായികളുടെ എണ്ണം എത്രയെന്നും ഇതിൽ രണ്ടുകോടിയിലധികം വിറ്റുവരവുള്ളവർ എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

## ജി.എസ്.റ്റി. സംബന്ധിച്ച കേന്ദ്ര സർക്കാർ നയങ്ങൾ കാരണം നികുതി വരുമാനത്തിൽ വന്ന കുറവ്

4175 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.റ്റി. ആരംഭിയ്ക്കുന്നതിന് മുമ്പുള്ള സംസ്ഥാനത്തിന്റെ നികുതി വരുമാനവും ഇപ്പോഴത്തെ നികുതിവരുമാനവും തമ്മിൽ താരതമ്യ പഠനം നടത്തിയിട്ടുണ്ടോ എന്ന്

അറിയിക്കാമോ;

(ബി) നികുതി വരുമാനത്തിൽ വലിയ അന്തരം വന്നിട്ടുള്ള സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാനം, കേന്ദ്ര സർക്കാരിനു മുമ്പിൽ സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

**<u>പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിൽപ്പന ജി.എസ്.ടി. പരിധിയിൽ</u>**

4176 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിൽപ്പന ജി.എസ്.ടി. പരിധിയിൽ കൊണ്ടുവന്നാൽ 2021-22 സാമ്പത്തിക വർഷം ഉണ്ടാകുന്ന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണെന്ന് വിശദമാക്കുമോ?

**<u>അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്</u>**

4177 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>പയ്യോളി സബ്ട്രഷറി ആഫീസ് കെട്ടിട നിർമ്മാണം</u>**

4178 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സ്വകാര്യ വാടക കെട്ടിടങ്ങളിൽ ഏതെങ്കിലും ട്രഷറി ആഫീസുകൾ പ്രവർത്തിച്ച് വരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പയ്യോളി സബ്ട്രഷറി ആഫീസിന് ഭൂമി കണ്ടെത്തി കൈമാറിനൽകിയാൽ സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ പണം അനുവദിക്കുമോ; വിശദമാക്കാമോ?

**<u>വളാഞ്ചേരി, കോട്ടയ്ക്കൽ സബ് ട്രഷറികളുടെ കെട്ടിട നിർമ്മാണം</u>**

4179 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി, കോട്ടയ്ക്കൽ സബ്ട്രഷറികളുടെ കെട്ടിട നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി ട്രഷറി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) വളാഞ്ചേരി സബ്ട്രഷറിക്ക് വേണ്ടി ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കുന്ന കാര്യത്തിൽ എന്തെങ്കിലും തീരുമാനം ആയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കോട്ടയ്ക്കൽ സബ് ട്രഷറിക്കുവേണ്ടി സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>ട്രഷറി ഓഫീസുകളുടെ ആധുനികവത്കരണം</u>**

4180 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറി ഓഫീസുകളിൽ സർക്കാർ നടത്തി വരുന്ന ആധുനികവത്കരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ട്രഷറി എ.ടി.എം. കൾ സംസ്ഥാനത്ത് എവിടെയെങ്കിലും സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ; കൂടുതൽ സ്ഥലങ്ങളിലേക്ക് ഇത് വ്യാപിപ്പിക്കുമോ;

(സി) ട്രഷറി എ.ടി.എം. കൾ സ്ഥാപിച്ചിട്ടില്ല എങ്കിൽ ആയത് സ്ഥാപിക്കാൻ ഏതെങ്കിലും തരത്തിലുള്ള നടപടികൾ വകുപ്പിൽ നടന്നു വരുന്നുണ്ടോ; വിശദമാക്കാമോ?

## തൃശ്ശൂർ ഇൻഷ്വറൻസ് മെഡിക്കൽ കോളേജ് സബ് ട്രഷറിക്ക് പുതിയ കെട്ടിടം

4181 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ച സ്ഥലത്ത് നിർമ്മിതി കേന്ദ്രത്തിന്റെ ഡി.പി.ആർ. പ്രകാരമുള്ള രൂപരേഖയ്ക്ക് ഭരണാനുമതി നൽകുന്നതിനും കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കാമോ?

## കാരുണ്യ പദ്ധതി

4182 **ശ്രീ . മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഈ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് കാരുണ്യപദ്ധതി മുഖേന ചികിത്സാ സഹായം ലഭ്യമാക്കിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ആകെ എത്ര തുകയാണ് ഈ പദ്ധതി വഴി അനുവദിച്ചിട്ടുള്ളത്;

(സി) ഈ പദ്ധതി നിർത്തലാക്കിയതായോ പദ്ധതി വഴിയുള്ള ധനസഹായം അനുവദിക്കേണ്ടതില്ലായെന്നത് സംബന്ധിച്ചോ ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ പേരിൽ ഈ സർക്കാരിന്റെ കാലത്ത് പരസ്യങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഇ) കാരുണ്യ ലോട്ടറി നിലവിലുണ്ടോ; എങ്കിൽ ഇത് വഴി സമാഹരിക്കുന്ന തുക നിലവിൽ ഏത് പദ്ധതിയ്ക്കാണ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കുമോ?

## ലോട്ടറി വിൽപന ഏജൻസി

4183 **ശ്രീ വി ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ലോട്ടറി വിൽപ്പന ഏജൻസി അനുവദിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ;

(ബി) അംഗപരിമിതർ, വിധവകൾ എന്നിവർക്ക് ഏജൻസി നൽകുന്നതിന് പ്രത്യേക പരിഗണന എന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

## ലോട്ടറി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ

4184 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നല്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ മേഖലയിലെ തൊഴിലാളികൾക്ക് ഹെൽത്ത് ഇൻഷ്വറൻസും മക്കൾക്ക് പഠന സഹായവും നല്കാൻ നടപടികൾ ഉണ്ടാകുമോ?

## നന്തി ടൗണിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ഓഫീസ്

4185 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൊല്ലം പ്രദേശത്ത് അനുവദിച്ച കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ഓഫീസ് നന്തി ടൗണിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ വിശദമാക്കാമോ;

(ബി) നന്തി ടൗൺ കേന്ദ്രീകരിച്ച് പുതിയ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ഓഫീസ് അനുവദിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## കെ.എസ്.എഫ്.ഇ. വായ്പാ തിരിച്ചടവിൽ ഇളവ്

4186 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി കാരണം കെ.എസ്.എഫ്.ഇ. യിൽ നിന്നെടുത്ത വായ്പകളിൽ തിരിച്ചടവ് മുടങ്ങിയവർക്ക് 2021 സെപ്റ്റംബർ 30 വരെ അനുവദിച്ചിരുന്ന ഇളവുകളും ആനുകൂല്യങ്ങളും ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലെ സാഹചര്യത്തിൽ പ്രസ്തുത ഇളവുകളുടെയും ആനുകൂല്യങ്ങളുടെയും കാലാവധി ചുരുങ്ങിയത് ആറുമാസം കൂടി ദീർഘിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കെ. എസ്. എഫ്.ഇ വഴി കൂടുതൽ വായ്പകൾ നൽകുന്നതിന് നടപടി

4187 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്കും സാധാരണക്കാർക്കും കെ.എസ്.എഫ്.ഇ. വഴി

കൂടുതൽ വായ്പകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കെ.എസ്.എഫ്.ഇ. വഴി ഹൗസിംഗ് ലോൺ നല്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) കൂടുതൽ ആകർഷകമായ ചിട്ടികളിലൂടെ കെ.എസ്.എഫ്.ഇ. യെ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

**<u>കെ.എസ്.എഫ്.ഇ പുതിയ ബ്രാഞ്ചുകൾ</u>**

4188 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ. യുടെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ; കെ.എസ്.ആർ.ടി.സി. യുടെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.എഫ്.ഇ. യുടെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ബ്രാഞ്ചുകൾ സർക്കാർ കെട്ടിടങ്ങളിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>കെ.എസ്.എഫ്.ഇ. യിലെ ദിവസവേതനക്കാരുടെ നിയമനം</u>**

4189 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. യിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററായി എത്രപേർ ജോലിചെയ്യുന്നുണ്ട്; ഇല്ലെങ്കിൽ പുതുതായി ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക സൃഷ്ടിക്കേണ്ട ആവശ്യമുണ്ടോ; വ്യക്തമാക്കുമോ;

(ബി) കെ.എസ്.എഫ്.ഇ. യിൽ ദിവസവേതനത്തിൽ എത്രപേർ ജോലിചെയ്യുന്നുണ്ട്; അവർക്ക് നിർവ്വചിക്കപ്പെട്ട ജോലി എന്താണെന്ന് വിശദമാക്കാമോ;

(സി) കെ.എസ്.എഫ്.ഇ. യിൽ ദിവസവേതനക്കാരെ നിയമിച്ചിരിക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണോ; അല്ലെങ്കിൽ അവരെ നിയമിച്ചത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.എഫ്.ഇ. യുടെ ദൈനംദിന പണമിടപാടുകളും അനുസംബന്ധമായ പ്രവർത്തനങ്ങൾക്കുമായി ബ്രാഞ്ചുകളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിന്റെ ഐഡിയും പാസ്‌വേഡും ദിവസവേതന ജീവനക്കാർക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) കെ.എസ്.എഫ്.ഇ. യുടെ സാലറി & അലവൻസ് എന്ന അക്കൗണ്ട് ഹെഡിൽ നിന്നും സ്ഥിരജീവനക്കാർ അല്ലാത്ത എത്രപേർക്ക് ശമ്പളം നൽകുന്നുണ്ടെന്ന് വിശദമാക്കാമോ; ഈയിനത്തിൽ 2021 ആഗസ്റ്റ് മാസം നൽകിയ തുക എത്രയാണെന്ന് അറിയിക്കാമോ;

(എഫ്) കെ.എസ്.എഫ്.ഇ. യിൽ ട്രാൻസ്ഫർ അപേക്ഷ ഓൺലൈനായി സ്വീകരിക്കാനും ട്രാൻസ്ഫർ ഓർഡറുകൾ ഓൺലൈനായി പ്രസിദ്ധീകരിക്കാനും തുടങ്ങിയത്

ഏതുവർഷം മുതലാണ്; ഇക്കാലയളവ് മുതൽ ട്രാൻസ്ഫർ നോംസിൽ പറയുന്ന പ്രകാരം മുൻഗണന പട്ടിക പ്രസിദ്ധീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ജി) ദിവസവേതനക്കാർ ജോലിചെയ്യുന്ന കെ.എസ്.എഫ്.ഇ. യുടെ ശാഖകളിലേക്ക് സ്ഥിരജീവനക്കാർ ട്രാൻസ്ഫറിന് അപേക്ഷ നൽകുമ്പോൾ പരിഗണിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## കെ.എസ്.എഫ്.ഇ.യിലെ ജാമ്യ വ്യവസ്ഥകൾ

4190 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിലെ ചിട്ടികൾക്കും ലോണുകൾക്കും നിലവിലുള്ള ജാമ്യ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) കെ.എസ്.എഫ്.ഇ. കൂടുതൽ ജന സൗഹൃദമാക്കുവാൻ പ്രസ്തുത വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കെ.എസ്.എഫ്.ഇ.യിൽ കൈവശസ്ഥലം ജാമ്യം നൽകുമ്പോൾ അവസാന നിമിഷം നിസാര കാരണങ്ങൾ ചൂണ്ടിക്കാട്ടി ലോണുകൾ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

## കെ.എസ്.എഫ്.ഇ.യുടെ പുതിയ ശാഖകൾ

4191 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ.യുടെ പുതിയ ശാഖകൾ ആരംഭിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ.യുടെ പുതിയ ശാഖകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് എന്താണെന്നും വ്യക്തമാക്കാമോ?

## അപകട ഇൻഷ്വറൻസ് പദ്ധതി

4192 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്ന അപകട ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിശദ വിവരം നൽകാമോ;

(ബി) 2015 മുതൽ 2021 വരെ ഇതുമായി ബന്ധപ്പെട്ട് എത്ര ക്ലെയിമുകൾ ഓരോ വർഷവും നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ അംഗമല്ലാത്ത പൊതുമേഖല സ്ഥാപനങ്ങളുടെ വിശദവിവരം നൽകാമോ;

(ഡി) ഇതിൽ അംഗമാകുന്ന എല്ലാ ജീവനക്കാർക്കും ഒരേ പ്രീമിയം നിരക്കാണോ വാങ്ങുന്നത്; അല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

4193 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളാണ് മുന്നോട്ട് വന്നിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രീമിയമായി എത്ര രൂപയാണ് ജീവനക്കാരും പെൻഷൻകാരും അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

## ചെറുകിട വ്യവസായ സംരംഭകർക്ക് വേണ്ടി കെ. എഫ്. സി നടപ്പാക്കുന്ന പദ്ധതികൾ

4194 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂലം പ്രതിസന്ധിയിലായ ചെറുകിട വ്യവസായ സംരംഭകരെ സഹായിക്കാൻ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## നികുതി വെട്ടിപ്പ് തടയാൻ നടപടി

4195 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതിർത്തി റോഡുകളിലൂടെയും മറ്റ് പ്രധാന റോഡുകളിലൂടെയും നികുതി വെട്ടിച്ച് സാധനങ്ങൾ കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി

4196 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി പിരിവിന്റെ കാര്യത്തിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ 2017 മുതൽ 2021 വരെയുള്ള വർഷങ്ങളിൽ സംസ്ഥാനത്ത് പിരിഞ്ഞു കിട്ടാനുള്ള നികുതി കുടിശ്ശികയുടെ വകുപ്പ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) നികുതി കുടിശ്ശിക സമയബന്ധിതമായി പിരിക്കുന്നതിന് വകുപ്പു തലത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

## നികുതിയേതര വരുമാനത്തിലെ കുറവ്

4197 **ഡോ. മാത്യൂ കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015 -16 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാരിന്റെ

നികുതിയേതര വരുമാനം 2011-12-ലെ തുകയിൽ നിന്നും 325 % ഉയർന്ന് [ 2592 കോടി രൂപയിൽ നിന്നും 8425 കോടി രൂപയായി ] 5833 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായതിന്റെ കാരണങ്ങൾ പരിശോധിച്ച് വ്യക്തമാക്കാമോ;

(ബി) 2016-17 മുതൽ 2019-20 വരെയുള്ള 4 വർഷ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ നികുതിയേതര വരുമാനം 2016-17-ലെ തുകയിൽ നിന്നും 145 % ഉയർന്ന് [8425 കോടി രൂപയിൽ നിന്നും 12265 കോടി രൂപയായി ] 3840 കോടി രൂപയുടെ മാത്രം വർദ്ധനവ് ഉണ്ടായതിന്റെ കാരണങ്ങൾ പരിശോധിച്ച് വ്യക്തമാക്കാമോ;

(സി) പ്രതീക്ഷിത വർദ്ധനവ് ഉണ്ടാകാത്തതിൽ കോവിഡ് ഇതര/പ്രളയ ഇതര സാഹചര്യങ്ങളും കാരണങ്ങളും വിലയിരുത്തി പരിശോധിച്ച് ആയതിനുള്ള കാരണങ്ങൾ അറിയിക്കാമോ?

**റോഡ് നികുതിയിൽ നിന്ന് കോൺട്രാക്ട് കാരിയേജ് വാഹനങ്ങളെ ഒഴിവാക്കൽ**

4198 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗണിനെ തുടർന്ന് വിവിധ മേഖലകളിൽ നൽകിയ ഇളവുകളിൽ കോൺട്രാക്ട് കാരിയേജ് വാഹനങ്ങളുടെ നികുതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഇളവുകൾ നൽകിയിരുന്നോ എന്നറിയിക്കാമോ;

(ബി) ലോക്ക്ഡൗണിനെ തുടർന്ന് ഗതാഗത മേഖല ഒട്ടാകെ സ്തംഭിച്ചിരുന്നത് കണക്കിലെടുത്ത് കോൺട്രാക്ട് കാരിയേജ് വാഹനങ്ങളുടെ 31.12.2021 വരെയുള്ള റോഡ് നികുതി ഒഴിവാക്കി നൽകാമോ?

**നിയമ വകുപ്പിലെ ജീവനക്കാരുടെ ട്രാൻസ്ഫർ**

4199 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിയമ വകുപ്പിൽ നിന്നും സെക്രട്ടറിയേറ്റിന് പുറത്ത് മറ്റ് ഓഫീസുകളിലേക്ക് എത്ര ഉദ്യോഗസ്ഥരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യത്തിൽ ട്രാൻസ്ഫറിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര ഉദ്യോഗസ്ഥരുടെ അപേക്ഷകൾ മെഡിക്കൽ ബോർഡിന്റെ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്; വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഇനി എത്ര അപേക്ഷകൾ നിയമ വകുപ്പിന്റെ പരിഗണയിൽ ഉണ്ട്; പ്രസ്തുത ഉദ്യോഗസ്ഥർ ഹാജരാക്കിയ മെഡിക്കൽ റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് നിയമ വകുപ്പിൽ ഉള്ള ഫയലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള കൺട്രോൾ ഓഫ് ഓർഗനൈസ്ഡ് ക്രൈംസ് -2021**

4200 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഘടിത കുറ്റവാളികളെ വിചാരണകൂടാതെ കരുതൽ തടങ്കലിൽ പാർപ്പിക്കാനായി ആഭ്യന്തര വകുപ്പ് തയ്യാറാക്കിയ കേരള കൺട്രോൾ ഓഫ് ഓർഗനൈസ്ഡ് ക്രൈംസ് -2021 നിയമത്തിന്റെ കരട് പരിശോധനക്കും നിയമോപദേശത്തിനുമായി നിയമ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## അഭിഭാഷകരുടെ എൻറോൾമെന്റ്

4201 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംഗ്ലൂരിലെ ഈവനിംഗ് കോളേജുകളിൽ നിന്ന് എൽ.എൽ.ബി. പാസായി കഴിഞ്ഞ അഞ്ച് വർഷത്തിൽ എത്ര പേർ അഭിഭാഷകരായി സംസ്ഥാനത്ത് എൻറോൾ ചെയ്തിട്ടുണ്ട്; ഇവരിൽ പലർക്കും മിനിമം യോഗ്യത മാർക്ക് പോലും ഉണ്ടായിരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2017, 2018, 2019 എന്നീ വർഷങ്ങളിൽ എൻറോൾ ചെയ്ത അവരിൽ പലരും ക്രിമിനൽ കേസ് പ്രതികൾ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്രിമിനൽ കേസ് പ്രതികളായ കാര്യം മറച്ചുവെച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വർഷങ്ങളിൽ പ്രൊഫഷണൽ എത്തിക്സിന് എതിരായി പ്രവർത്തിച്ച എന്ന നിലയിലുള്ള എത്ര പരാതികൾ കേരള ബാർ കൗൺസിലിന് ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പരാതികളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇനി എത്ര പരാതികൾ നടപടി സ്വീകരിക്കാൻ ഉണ്ടെന്നും വ്യക്തമാക്കുമോ?

## ബേഡഡുക്ക ക്ലേ വർക്കേഴ്സ് ഇൻഡസ്ട്രീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി

4202 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ക്ലേ വർക്കേഴ്സ് ഇൻഡസ്ട്രീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ഖാദി ബോർഡിൽ നിന്നും എടുത്ത ലോൺ ഒഴിവാക്കികൊടുക്കണമെന്ന സൊസൈറ്റിയുടെ ഹർജിയിൽ എന്തെങ്കിലും തുടർനടപടിയെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തെ പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## കേരള ഓട്ടോമൊബൈൽസ് ജീവനക്കാരുടെ ശമ്പളപരിഷ്കരണം

4203 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഓട്ടോമൊബൈൽസിലെ ജീവനക്കാർക്ക് അവസാനമായി ശമ്പളപരിഷ്കരണം നടപ്പാക്കിയത് എന്നാണെന്ന് വ്യക്തമാക്കുമോ; ദീർഘകാലമായി ഇവിടെ ശമ്പള പരിഷ്കരണം നടപ്പാക്കാത്തതിന്റെ കാരണം അറിയിക്കുമോ; മുൻകാല പ്രാബല്യത്തോടെ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) 2014 മുതൽ ജീവനക്കാരുടെ പി.എഫ് വിഹിതം അടയ്ക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പി. എഫ് വിഹിതം അടച്ച് തീർക്കുന്നതിനായി

കെ.എ.എൽ. ന് പ്രത്യേക സഹായം അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) കെ.എ.എൽ. ന് പ്രവർത്തന മൂലധനമായി സർക്കാർ ഈ സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചതെന്നും ഇത് എപ്രകാരം വിനിയോഗിക്കുന്നു എന്നും വ്യക്തമാക്കാമോ?

## <u>ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്</u>

4204 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന് എവിടെയെല്ലാം യൂണിറ്റുകൾ പ്രവൃത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) ഓരോ യൂണിറ്റിലും എന്തൊക്കെയാണ് ഉല്പാദിപ്പിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലഭ്യമാകുന്നത് എന്നറിയിക്കാമോ;

(ഡി) പ്രസ്തുത കമ്പനി വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

## <u>പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ്</u>

4205 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകുന്നതിനും അതനുസരിച്ച് ശമ്പളപരിഷ്കരണം നടത്താനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ശമ്പള പരിഷ്കരണം സംബന്ധിച്ച റിപ്പോർട്ട് പരിഗണനയിലുണ്ടോ; അറിയിക്കുമോ;

(സി) ഏതൊക്കെ സ്ഥാപനങ്ങളെയാണ് വിവിധ ഗ്രേഡുകൾ നൽകുന്നതിനായി ശുപാർശ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

## <u>മാവൂർ ഗ്വാളിയർ റയൺസിന്റെ ഭൂമി തിരിച്ചെടുക്കാൻ നടപടി</u>

4206 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയർ റയൺസിന് സർക്കാർ സൗജന്യമായി നൽകിയ 5.94 ഏക്കർ ഭൂമി തിരിച്ചെടുക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) അക്വയർ ചെയ്ത് നൽകിയ 240.39 ഏക്കർ ഭൂമിയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ തടസ്സമായി നിൽക്കുന്ന വിഷയങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ മാനേജ്മെന്റുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(സി) കമ്പനി സ്വന്തമായി വാങ്ങിയ എൺപത് ഏക്കർ സ്ഥലം ഭൂപരിഷ്കരണ നിയമ പ്രകാരം ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് സർക്കാരിന് ഉദ്ദേശമുണ്ടോ;

(ഡി) നിലവിൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി മുമ്പാകെയുള്ള കേസ് തീർപ്പാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(ഇ) വ്യവസായ ആവശ്യത്തിന് സർക്കാർ ഏറ്റെടുത്ത് നൽകിയിരുന്ന ഭൂമി ഇൻഡസ്ട്രിയൽ പാർക്കായി വികസിപ്പിക്കുന്നതിന് ആയത് ഗ്രാസിമിൽ നിന്ന് തിരിച്ചെടുക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി 10.10.2017-ലെ സ.ഉ.(എം.എസ്) നം. 97/2017/വ്യവ. നമ്പർ ഉത്തരവിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ക്ലിൻക്കർ ഇറക്കുമതി

4207 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സ് ഒരു വർഷം എത്ര ടൺ ക്ലിൻകർ ആണ് ഇറക്കുമതി ചെയ്യുന്നതെന്നും ആയത് ടെൻഡർ നടപടികളിലൂടെയാണോയെന്നും അറിയിക്കുമോ; ടെൻഡറിൽ പങ്കെടുക്കുന്നതിനുള്ള പ്രീ ക്വാളിഫിക്കേഷൻ വ്യവസ്ഥകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) ഏതെല്ലാം വിദേശരാജ്യങ്ങളിൽ നിന്നുമാണ് 53 ഗ്രേഡ് സിമന്റ് ക്ലിൻകർ ഇറക്കുമതി ചെയ്യുന്നതെന്നും എത്ര രൂപയ്ക്കാണ് ഒരു ടൺ ഇറക്കുമതി ചെയ്യുന്നതെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ മലബാർ സിമന്റ്സിന് ക്ലിൻക്കർ സപ്ലൈ ചെയ്യുന്നത് ആരാണെന്നും ഇവരുടെ വിലാസവും ഇവർക്ക് പണം നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്നും അറിയിക്കാമോ; എത്ര കാലത്തിനുള്ളിലാണ് ബില്ലുകൾ മാറി നൽകുന്നതെന്നും വിശദമാക്കാമോ;

(ഡി) വർഷത്തിൽ എത്ര തവണയാണ് മലബാർ സിമന്റ്സ് ക്ലിൻകർ ഇറക്കുമതി ചെയ്യുന്നതെന്നും ആയതിനുള്ള ടെൻഡർ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും നിലവിൽ ക്ലിൻകർ ഇറക്കുമതി ചെയ്യുന്നതിനുള്ള ടെൻഡർ ഓപ്പൺ ആണോയെന്നും അറിയിക്കുമോ?

## കെൽട്രോൺ മുഖേനയുള്ള കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികളുടെ വിതരണം

4208 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുരുവായൂർ മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ ഓഫീസുകൾക്കും പണം അടച്ചതിന് ശേഷവും ഇതുവരെയും വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ

4209 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ സംസ്ഥാന സർക്കാരിന്റെ ആസ്തി തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## <u>പൊതുമേഖല സ്ഥാപനങ്ങളുടെ നവീകരണം സംബന്ധിച്ച്</u>

4210 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി പുതിയ വികസന പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## <u>കോക്കോനിക്സിന് പുതുക്കിയ വെർഷൻ</u>

4211 **ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനത് ലാപ്ടോപായ കോക്കോണിക്സ്-ന്റെ പുതുക്കിയ വെർഷനുകൾ ഇറക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

## <u>ഇൻകൽ</u>

4212 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയിലേക്ക് സ്വകാര്യനിക്ഷേപം ആകർഷിക്കാനായി രൂപീകരിച്ച ഇൻകലിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ;

(ബി) ഇൻകൽ വിരമിച്ച ഐ.എ.എസ്. കാരുടെ ലാവണം ആയതിനാൽ ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയുന്നില്ല എന്ന് വിലയിരുത്തുന്നുണ്ടോ; വിശദാംശം നൽകുമോ?

## <u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം</u>

4213 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ എത്ര പുതിയ പൊതുമേഖലാ സ്ഥാപനങ്ങളാണ് ആരംഭിച്ചത്; വിശദമാക്കാമോ;

(ബി) 2016 മെയ് 31-ന് ശേഷം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടക്കണക്കുകൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) നിലവിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ഈ സർക്കാരിന്റെ കാലയളവിൽ പ്രവർത്തനം അവസാനിപ്പിച്ചത്; വിശദമാക്കാമോ?

## <u>പൊതുമേഖലാ-സംയുക്ത-സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്</u>

4214 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ-സഹകരണ-സംയുക്ത സ്ഥാപനങ്ങളുടെ 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രവർത്തന ലാഭം കൈവരിച്ച സ്ഥാപനങ്ങളേതെല്ലാമാണെന്നും അവയുടെ പ്രവർത്തന ലാഭം എത്രയായിരുന്നുവെന്നും വിശദീകരിക്കാമോ;

(ബി) ഓരോ വർഷവും പ്രവർത്തന നഷ്ടം വരുത്തിയ സ്ഥാപനങ്ങളേതെല്ലാമാണെന്നും പ്രവർത്തന നഷ്ടം എത്രയെന്നും അറിയിക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ഓഡിറ്റ് പൂർത്തിയാക്കിയ സ്ഥാപനങ്ങൾ എത്രയെന്നും ലാഭത്തിൽ പ്രവർത്തിച്ചിരുന്ന എത്ര സ്ഥാപനങ്ങൾ ഓഡിറ്റ് പൂർത്തിയാക്കിയപ്പോൾ നഷ്ടത്തിലായെന്നും ഇതിനുള്ള കാരണങ്ങളെന്തെല്ലാമെന്നും വ്യക്തമാക്കുമോ?

## <u>സംരംഭകത്വ സംസ്കാരവികസനം</u>

4215 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സൂക്ഷ്മ, ചെറുകിട, ഇടത്തരം, വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി പ്രാരംഭ ഘട്ടത്തിൽ പാലിക്കേണ്ട നിയമപ്രകാരമുള്ള വ്യവസ്ഥകളിൽ ഇളവുകൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി സ്കൂൾ, കോളേജ് തലങ്ങളിൽ പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനും മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## <u>വ്യാപാരമേഖലയ്ക്കും ഉപഭോക്താക്കൾക്കും വേണ്ടി നടത്തിവരുന്ന പ്രവർത്തനങ്ങൾ</u>

4216 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ സാധനങ്ങൾക്കും ഒപ്പം എല്ലാ വിധ ഉപഭോക്തൃ സാധനങ്ങൾക്കും വിലകൂടുന്നത് കെട്ടിട നിർമ്മാണ മേഖലയുൾപ്പെടെ ഉപഭോക്തൃമേഖലയെ എത്തരത്തിൽ ബാധിയ്ക്കുമെന്നത് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് കാരണങ്ങളാണ് എന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ നയങ്ങളും നികുതി നിർദ്ദേശങ്ങളും ഉപഭോഗ

സാധനങ്ങളിലടിച്ചേൽപ്പിക്കുന്ന നടപടികളുമാണെന്നതും സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കാനും പ്രസ്തുത മേഖലകളെ സംരക്ഷിച്ച് വ്യാപാരമേഖലയ്ക്കും ഉപഭോക്താക്കൾക്കും പുത്തനുണർവ് നൽകുവാനുമായി ഈ സർക്കാർ നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

## വൈപ്പിൻ മണ്ഡലത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

4217 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ എവിടെയെല്ലാമാണ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും അനുവദിച്ചിട്ടുള്ളതെന്നും പ്രവർത്തിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ;

(സി) വൈപ്പിൻ കരയുടെ മാനവവിഭവശേഷിയും വ്യാവസായികാന്തരീക്ഷവും കണക്കിലെടുത്ത് കൂടുതൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

## പാചക എണ്ണ ബയോ ഡീസലാക്കി മാറ്റുന്ന പ്ലാന്റ്

4218 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എവിടെയെങ്കിലും പാചക എണ്ണ ബയോ ഡീസലാക്കി മാറ്റുന്ന പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇത്തരത്തിലുള്ള പ്ലാന്റ് സ്ഥാപിക്കാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്ലാന്റ് പൊതുമേഖലയിലാണോ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത്തരം പ്ലാന്റുകൾ ഉള്ള സംസ്ഥാനങ്ങളും രാജ്യങ്ങളും ഏതാണെന്നും അവിടങ്ങളിലുള്ള പ്രവർത്തനങ്ങൾ എങ്ങനെയാണെന്നും പഠിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ആലപ്പുഴ മണ്ഡലത്തിൽ ഇൻകൽ മുഖേനയുള്ള പ്രവൃത്തികൾ

4219 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻകൽ മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## സ്വകാര്യമേഖലയിൽ ആരംഭിച്ച വൻകിട വ്യവസായ സംരംഭങ്ങൾ

4220 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം,

കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി സ്വകാര്യമേഖലയിൽ ആരംഭിച്ച വൻ വ്യവസായ സംരംഭങ്ങൾ ഏതൊക്കെയാണ്; ഓരോന്നും എത്ര തുകയുടെ നിക്ഷേപം സംസ്ഥാനത്ത് ഉറപ്പു വരുത്തിയിട്ടുണ്ടെന്നും എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) വിദേശ നിക്ഷേപകർ ഈ കാലയളവിൽ ആരംഭിച്ചിട്ടുള്ള വൻ സംരംഭങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന്റെ പിന്നോക്കാവസ്ഥ നിക്ഷേപകരെ പിന്തിരിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## വ്യാവസായിക വാണിജ്യ വകുപ്പിലെ മെഷ്യൻ ഓപ്പറേറ്റർ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ

4221 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിലും പ്രവർത്തിക്കുന്ന വ്യാവസായിക വാണിജ്യ വകുപ്പിന്റെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിൽ മെഷ്യൻ ഓപ്പറേറ്റർ ഗ്രേഡ്-II തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഒഴിവുകൾ നിലവിൽ വന്ന തീയതികളും നിയമന രീതികളും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ ബൈ ട്രാൻസ്ഫർ മുഖേനയാണ് നിയമനം നടക്കുന്നതെങ്കിൽ ഇപ്രകാരം നിയമനം ലഭിക്കാൻ ആവശ്യമായ വിദ്യാഭ്യാസ യോഗ്യതകളുള്ള വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പ്രകാരം നിയമനം നൽകിയിട്ടുണ്ടോ; നിയമനം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികയുടെ സമാന തസ്തികകളായ ഇലക്ട്രീഷ്യൻ, ഡൈമേക്കർ തസ്തികകളിൽ ബൈട്രാ ൻസ്ഫർ വഴി നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് തസ്തികയിൽ നിന്നുമാണ് നിയമനം നടത്തിയതെന്നും നിയമനം നടത്തിയ രീതി എന്താണെന്നും നിയമനം ലഭിച്ച ജീവനക്കാരിൽ ആരെങ്കിലും ഇലക്ട്രീഷ്യൻ, ഡൈമേക്കർ എന്നീ തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നുണ്ടോയെന്നും ജോലി ചെയ്യുന്നുണ്ടെങ്കിൽ ഏത് ഫീഡർ കാറ്റഗറിയിൽ നിന്നാണ് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നേടിയതെന്നും വ്യക്തമാക്കാമോ;

(ഡി) മെഷ്യൻ ഓപ്പറേറ്റർ ഗ്രേഡ് II തസ്തിക വർഷങ്ങളായി ഒഴിഞ്ഞ് കിടക്കുന്നത് കാരണം മഞ്ചേരി, ചങ്ങനാശ്ശേരി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിൽ വില കൂടിയ മെഷ്യനറികൾ പ്രവർത്തിപ്പി ക്കാതെ ഉപയോഗശൂന്യമായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതിന് പരിഹാരം കാണുന്നതിനായി വകുപ്പിലെ യോഗ്യരായ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാരെ കൂടി ഉൾപ്പെടുത്തി മെഷ്യൻ ഓപ്പറേറ്റർ ഗ്രേഡ് II തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ മുഖേന നിയമനം നടത്തുന്നതിന് അടിന്തരമായി ഉത്തരവ് ഇറക്കി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) യോഗ്യരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ഉൾപ്പെടുത്തി മെഷ്യൻ ഓപ്പറേറ്റർ തസ്തികകളിൽ നിയമനം നടത്തുന്നതിന് ഏതെങ്കിലും സാങ്കേതിക തടസങ്ങളുണ്ടോ; ഉണ്ടെങ്കിൽ ഇത് മറികടക്കുന്നതിന് ഭരണപരമായ തീരുമാനങ്ങൾ സ്വീകരിക്കാമോ?

**മലപ്പുറം ജില്ലയിലെ പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ നടപടി**

4222 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂലം തൊഴിൽരഹിതരായി മടങ്ങിവരുന്ന സംസ്ഥാനത്തെ , പ്രത്യേകിച്ച് മലപ്പുറം ജില്ലയിലെ പ്രവാസികളുടെ പുനരധിവാസവും തൊഴിലും ഉദ്ദേശിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ പ്രവാസികൾ ഏറെയുള്ള വള്ളിക്കുന്ന് മണ്ഡലത്തിലെ ഇത്തരത്തിലുള്ള പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കാമോ?

**എം.എസ്.എം.ഇ.കൾക്ക് ക്രെഡിറ്റ് ഫെസിലിറ്റി**

4223 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവ നവസംരംഭകരേയും സ്റ്റാർട്ട് അപ്പ് മിഷനുകളെയും എം.എസ്.എം.ഇ. -കളെയും പരിപോഷിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ നിലവിൽ അനുവർത്തിക്കുന്ന ലാൻഡ് ലീസ് പോളിസിയിൽ വ്യതിയാനം വരുത്തി ലാൻഡ് അലോക്കേഷൻ പോളിസി സ്വീകരിക്കാമോ;

(ബി) കോവിഡ് പ്രതിസന്ധി കാരണം സിബിൽ സ്കോർ കുറവായ യുവ നവസംരംഭകർക്കും സ്റ്റാർട്ട് അപ്പ് മിഷനുകൾക്കും എം.എസ്.എം.ഇ.കൾക്കും സി.ജി.ടി.എം.എസ്.ഇ. സംവിധാനത്തിലൂടെ വായ്പ നൽകുന്നതിൽ ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ വൈമുഖ്യം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എസ്.എൽ.ബി.സി. മുഖേനെയോ മറ്റ് നടപടികളിലൂടെയോ പരിഹരിക്കാമോ;

(സി) സി.ജി.ടി.എം.എസ്.ഇ. സംവിധാനത്തിലൂടെ യുവ നവസംരംഭകർക്കും സ്റ്റാർട്ട് അപ്പ് മിഷനുകൾക്കും എം.എസ്.എം.ഇ.കൾക്കും വായ്പ നൽകുന്നതിന് കേന്ദ്ര സർക്കാർ നിർദേശത്തിന് വിരുദ്ധമായി ബാങ്കുകൾ കൊളാറ്ററൽ സെക്യൂരിറ്റി ആവശ്യപ്പെടുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) മേൽപറഞ്ഞ വിഭാഗങ്ങൾക്കായി സംസ്ഥാന സർക്കാർ സ്ഥാപനങ്ങളായ കേരള ബാങ്ക്, കെ.എഫ്.സി., കെ.എസ്.ഐ.ഡി.സി. തുടങ്ങിയവയിൽ നിന്നും സി.ജി.ടി.എം.എസ്.ഇ. മാതൃകയിൽ കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ രണ്ട് കോടി രൂപ വരെ സംരംഭകത്വ വായ്പ ലളിതമായ വ്യവസ്ഥകളിൽ "ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്" നയം അനുസരിച്ച് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

**പരമ്പരാഗത വ്യവസായ മേഖലയുടെ വികസനം**

4224 **ശ്രീ പി സി വിഷ്ണുനാഥ്**

**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായ മേഖലയിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉല്പാദനക്ഷമത വർധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പരമ്പരാഗത വ്യവസായ മേഖലയിലെ ഉല്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കയറ്റുമതിക്കാരെയും ഇടത്തട്ടുകാരെയും ഒഴിവാക്കി ഈ രംഗത്തെ തൊഴിലാളികൾക്ക് കൂലിയും തൊഴിലവസരവും വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) വിപണിയിലെ മാറ്റങ്ങൾക്കനുസൃതമായി പ്രസ്തുത മേഖലയിലെ വ്യവസായങ്ങളെ സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ?

## കുടിൽ വ്യവസായ സംരംഭങ്ങൾക്ക് പ്രത്യേക പാക്കേജ്

4225 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. ടി.സിദ്ദിഖ്**
**ശ്രീമതി കെ.കെ.രമ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പനയോല, ഈറ്റ, മൺപാത്രം തുടങ്ങിയ കുടിൽ വ്യവസായ സംരംഭങ്ങൾ പ്രതിസന്ധിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം കരകൗശല ഉല്പന്നങ്ങളാണ് പ്രസ്തുത കുടിൽ വ്യവസായ സംരംഭങ്ങൾ മുഖേന നിർമ്മിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കുടിൽ വ്യവസായങ്ങളേയും തൊഴിലാളികളേയും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ ഇവർക്കായി എന്തെങ്കിലും പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ?

## കാട്ടാക്കട കോമൺ ഫെസിലിറ്റി സെന്റർ

4226 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈറ ഉല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനും വൈവിധ്യവത്കരണത്തിനും തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനുമായി കാട്ടാക്കട കേന്ദ്രമായി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിന് 2021-22 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) കാലതാമസം കൂടാതെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി

സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് നടപടി**

4227 **ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ സി ആർ മഹേഷ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തകർച്ച നേരിടുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ;

(ബി) പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് വ്യക്തമായി പഠനം നടത്തി പരിഹാര നടപടികൾ കണ്ടെത്താത്തതാണ് അവയുടെ തകർച്ചയ്ക്ക് കാരണമെന്ന ആക്ഷേപത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ;

(സി) പരമ്പരാഗത വ്യവസായങ്ങൾക്ക് ഉണ്ടായതായി പറയപ്പെടുന്ന തകർച്ച മൂലം ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും കുടുംബങ്ങൾക്കും ഉണ്ടായ ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ പനമ്പ് നെയ്ത്ത് കേന്ദ്രത്തിന്റെ നവീകരണം**

4228 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന പനമ്പ് നെയ്ത്ത് കേന്ദ്രത്തിന്റെ നവീകരണത്തിനായി ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പനമ്പ് നെയ്ത്ത് കേന്ദ്രവുമായി ബന്ധപ്പെട്ട് വിവിധ വിഭാഗങ്ങളിലായി എത്ര തൊഴിലാളികളാണ് ജോലി നോക്കി വരുന്നതെന്നുള്ള വിവരം ഇനം തിരിച്ച് അറിയിക്കാമോ; ഇവരുടെ ക്ഷേമത്തിനായി സർക്കാർ തലത്തിൽ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് പനമ്പ് നിർമ്മാണത്തിനാവശ്യമായ ഈറ്റ കൃത്യമായി ലഭിക്കുന്നതിന് എന്തൊക്കെ സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്; അറിയിക്കുമോ;

(ഡി) കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ വിവിധ കാലയളവുകളിൽ എത്ര അളവിൽ ഈറ്റ വിതരണം ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) പ്രസ്തുത തൊഴിലാളികൾക്ക് പനമ്പ് നെയ്ത്തിനായി അസംസ്കൃത വസ്തുക്കൾ കൃത്യമായി വിതരണം ചെയ്യുന്നതിനും ഇവരുടെ വേതനവും മറ്റ് ആനുകൂല്യങ്ങളും കൃത്യമായി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ? ഫാക്ടറി?

**കോതമംഗലം കേന്ദ്രീകരിച്ച് ഐ.ടി. പാർക്ക്**

4229 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസ മേഖലകൾ അടങ്ങുന്ന കോതമംഗലം കേന്ദ്രീകരിച്ച് ഒരു ഐ.ടി. പാർക്ക് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോതമംഗലത്തെ സാങ്കേതിക വിദ്യാലയങ്ങളിൽ നിന്നും പഠിച്ചിറങ്ങുന്ന ഐ.ടി. വിദ്യാർത്ഥികൾക്ക് സഹായകരമാകുന്ന വിധത്തിൽ ഇവിടെ ഐ.ടി. പാർക്ക്/ ഐ.ടി. അധിഷ്ഠിത വ്യവസായം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

## മണിമലയിലെ നാളീകേര പാർക്കിൽ വ്യവസായങ്ങൾ

4230 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ മണിമലയിലെ നാളീകേര പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ;

(ബി) വ്യവസായ സ്ഥാപനങ്ങളെ ക്ഷണിക്കുന്നതിന്റെ മാനദണ്ഡങ്ങൾ അറിയിക്കാമോ?

## കോട്ടയം ജില്ലയിൽ ഇക്കോ ഫ്രണ്ട് ലി ഫുഡ് പാർക്ക്

4231 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ ളാലം വില്ലേജിൽ കാനാട്ടുപാറയിൽ ഒരു ഇക്കോ ഫ്രണ്ട് ലി ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിന് നെഗോഷ്യബ്സ് പർച്ചേസ് പ്രകാരം നടപടികൾ ആരംഭിച്ചിരുന്നോ; ഇത് പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ അധിക സ്ഥലം വേണ്ടിവരുന്നപക്ഷം ആയത് ലഭ്യമാക്കിയാൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുമോ യെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

## പാർക്കുകളിലെ കമ്പനികൾ

4232 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്ക്, ടെക്നോസിറ്റി, കൊല്ലം ടെക്നോപാർക്ക്, കൊച്ചി ഇൻഫോ പാർക്ക്, ചേർത്തല ഇൻഫോപാർക്ക്, കൊരട്ടി ഇൻഫോ പാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നിവിടങ്ങളിൽ 2015-2016 കാലഘട്ടത്തിൽ എത്ര കമ്പനികൾ പ്രവർത്തിച്ചിരുന്നു; അവിടെ ജോലി നോക്കിയിരുന്നവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പാർക്കുകളിലെ കമ്പനികളിൽ നിന്നും 2015-2016 കാലഘട്ടത്തിൽ നടത്തിയ ആകെ വിറ്റുവരവ് എത്രയായിരുന്നു; കയറ്റുമതി എത്രയായിരുന്നു എന്ന്

വിശദമാക്കുമോ;

(സി) 2016-17 മുതൽ 2020-2021 വരെയുള്ള കാലഘട്ടങ്ങളിൽ പ്രസ്തുത പാർക്കുകളിലെ കമ്പനികളുടെ എണ്ണം, തൊഴിലവസരങ്ങളുടെ എണ്ണം, ആകെ വിറ്റുവരവ്, കയറ്റുമതി, ആകെ നടത്തിയ നിക്ഷേപം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വ്യവസായ വികസന പ്രവർത്തനങ്ങൾ

4233 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ള ഭൂമി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പുതിയ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടു ണ്ടോയെന്ന് വ്യക്തമാക്കുമോ?

## മലപ്പുറം ജില്ലയിലെ പ്രവാസികളെ സംരംഭകരാക്കുവാനുള്ള നടപടി

4234 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളെ സംരംഭകരാക്കി പ്രത്യേക വ്യവസായ പദ്ധതികൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സംരംഭകരുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഓൺലൈൻ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഏറ്റവും കൂടുതൽ പ്രവാസികളുള്ള മലപ്പുറം ജില്ലയിൽ പ്രത്യേക പദ്ധതികൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ

4235 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും ഓരോ സ്ഥാപനത്തിലേയും പെൻഷൻകാരുടെ എണ്ണം എത്രയാണെന്നും അറിയിക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ പെൻഷൻ നൽകുന്ന രീതി എങ്ങനെയാണെന്നും ഏതൊക്കെ സ്ഥാപനങ്ങളിൽ സർക്കാർ നേരിട്ട് പെൻഷൻ നൽകുന്നുണ്ടെന്നും അറിയിക്കാമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ ഏകീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) പെൻഷൻ ഫണ്ട് ഏതെങ്കിലും സ്ഥാപനത്തിൽ നിലവിലുണ്ടോ; എങ്കിൽ

വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>**സിമന്റ് വില വർദ്ധന**</u>

4236 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിമന്റ് വില ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് സിമന്റ് ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

<u>**കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്**</u>

4237 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്-ന് കീഴിലെ കേരള സോപ്സ്, കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ എന്നീ യൂണിറ്റുകളിലെ ജീവനക്കാർക്കുള്ള ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിനും പ്രൊമോഷൻ പോളിസി രൂപീകരിക്കുന്നതിനും ആർ. ഐ. എ. ബി- യെ ഉൾപ്പെടുത്തി എന്തെങ്കിലും തുടർനടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് കെ. എസ്. ഐ. ഇ. മാനേജിംഗ് ഡയറക്ടർ വ്യവസായ വകുപ്പിന് നൽകിയ കത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ടോ?

<u>**വ്യവസായ സ്ഥാപനങ്ങളിലെ കേന്ദ്രീകൃത പരിശോധന സംവിധാനം**</u>

4238 **ശ്രീ. എം. എം. മണി**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനകൾ സുതാര്യമാക്കുവാനും സംയോജിപ്പിക്കുവാനും വ്യവസായ വകുപ്പ് നടപ്പാക്കുന്ന കേന്ദ്രീകൃത പരിശോധന ഏകജാലക സംവിധാനമായ കെ-സിസിന്റെ (കേരള സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം) പ്രവർത്തനം വിശദമാക്കാമോ;

(ബി) ഈ സംവിധാനത്തിലൂടെ വ്യവസായ വാണിജ്യ മേഖലയ്ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) ഏതൊക്കെ വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധന സംവിധാനം ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>**ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ മികച്ച റാങ്കിങ് നേടാൻ നടപടി**</u>

4239 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ മികച്ച റാങ്കിങ് കൈവരിക്കുന്നതിനായി വിവിധ വകുപ്പുകൾ ചെയ്യേണ്ട കാര്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇനി നടപ്പിലാക്കുവാനുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

**<u>ആസ്ട്രൽ വാച്ചസ് കമ്പനി</u>**

4240 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ബീച്ച് റോഡിൽ ആസ്ട്രൽ വാച്ചസ് കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഏതെങ്കിലും പുതിയ സംരംഭം തുടങ്ങാൻ ഈ സർക്കാർ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏത് സംരംഭമാണ് ആലോചനയിലുള്ളതെന്നും എപ്പോൾ പ്രാവർത്തികമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) ഈ സ്ഥലത്ത് ഏതെങ്കിലും സംരംഭങ്ങൾ തുടങ്ങാൻ മുൻ സർക്കാരുകളുടെ കാലത്ത് പദ്ധതി ആവിഷ്കരിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശം നൽകാമോ;

(ഡി) പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിൽ അവ നടക്കാതെപോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

**<u>വടക്കാഞ്ചേരി മണ്ഡലത്തിലെ കെ-ഡിസ്കിന്റെ പ്രവർത്തനങ്ങൾ</u>**

4241 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (കെ-ഡിസ്ക് ) പ്രവർത്തനങ്ങളെ കുറിച്ച് വിശദമാക്കാമോ;

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ കെ -ഡിസ്കിന്റെ പ്രവർത്തനം നിലവിൽ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഈ മണ്ഡലത്തിൽ നടന്ന കെ- ഡിസ്കിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>യുവസംരംഭകർക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കാൻ നയം</u>**

4242 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ യുവസംരംഭകർക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വ്യവസായ നയത്തിൽ എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) വിദ്യാർത്ഥികളിൽ സംരംഭകത്വ താൽപ്പര്യങ്ങൾ വളർത്തിയെടുക്കുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് സംരംഭകത്വ പരിശീലന പരിപാടികളോ, പ്രോത്സാഹന പരിപാടികളോ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>**പുതിയ സംരംഭകർക്ക് ഏകജാലക സംവിധാനം**</u>

4243 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സംരംഭകർക്ക് വിവിധ ലൈസൻസുകൾ, ക്ലിയറൻസ് സർട്ടിഫിക്കറ്റ്, എൻ.ഒ.സി എന്നിവ അനുവദിക്കുന്നതിന് ഏകജാലക സംവിധാനം നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>**ചാത്തന്നൂർ മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ ഭൂമി**</u>

4244 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിന് സ്വന്തമായി എവിടെയെല്ലാം ഭൂമിയുണ്ടെന്നും ആയതിന്റെ അളവും സർവ്വേ നമ്പരുകളും ഏതൊക്കെ വില്ലേജുകളുടെ പരിധിയിലാണ് അവ ഉൾപ്പെടുന്നതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമി നിലവിൽ എന്തെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടോ എന്നും ഇല്ലെങ്കിൽ പ്രസ്തുത ഭൂമി സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ ;

(സി) വ്യവസായ വകുപ്പിന് ചാത്തന്നൂരിൽ സ്വന്തമായുള്ള ഭൂമി മറ്റേതെങ്കിലും സർക്കാർ വകുപ്പുകളുടെ ആവശ്യത്തിനായി വിട്ടു നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഏത് വകുപ്പിനെന്നും അറിയിക്കാമോ ;

(ഡി) പ്രസ്തുത ഭൂമിയിൽ എന്തെങ്കിലും വ്യവസായ സംഭരംഭങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>**ബാലുശ്ശേരിയിലെ മിനി സിവിൽ സ്റ്റേഷൻ**</u>

4245 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിലെ പറമ്പിൻ മുകളിൽ നിർമ്മിക്കുന്ന ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷന് വാഹന പാർക്കിംഗ് ഉൾപ്പെടെയുള്ള അനുബന്ധ നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ സ്ഥലമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബാലുശ്ശേരി പറമ്പിൻ മുകളിൽ വ്യവസായ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഡിസ്ട്രിക് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ

അൺഡവലപ്പ്ഡ് ഏരിയയിൽ വരുന്ന ഭൂമി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി വിട്ടുകൊടുക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) പ്രസ്തുത ഭൂമി വിട്ടുകിട്ടുന്നതിനായി വ്യവസായ വകുപ്പിന് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

## നിർമ്മാണ മേഖലയിൽ ഉദ്യോഗസ്ഥരുടെ ഇടപെടലുകൾ

4246 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ മേഖലയിൽ സാധനസാമഗ്രികളുടെ ട്രാൻസ്പോർട്ടിങ്ങിൽ ഉദ്യോഗസ്ഥരുടെ അനാവശ്യമായ ഇടപെടലുകൾ മൂലം പ്രതിസന്ധി ഉണ്ടാകുന്നത് ഒഴിവാക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മിനറൽ വാട്ടർ വിൽപ്പന

4247 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ മിനറൽ വാട്ടർ ബോട്ടിലുകളിലാക്കി വിൽക്കുന്ന എത്ര കമ്പനികൾ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ കമ്പനികൾ എത്രയെണ്ണം ഉണ്ടെന്നതിന്റെ കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) ഇവയുടെ പ്രതിവർഷ വിറ്റുവരവ് കണക്കുകൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സ്വകാര്യ കമ്പനികൾ വിപണനം ചെയ്യുന്ന കുടിവെള്ള ബോട്ടിലുകളുടെയും കുടിവെള്ളത്തിന്റെയും ഗുണപരിശോധന നടത്താറുണ്ടോ; വ്യവസായ വകുപ്പിന് ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയുന്ന നടപടികൾ വിശദമാക്കുമോ;

(ഇ) പൊതു മേഖലയിൽ ഇത്തരം കമ്പനികൾ ആരംഭിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

## അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ് പരിഹരിക്കാൻ നടപടി

4248 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ് പരിഹരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും സഹായങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## മഞ്ചേശ്വരം താലൂക്ക് വ്യവസായ കേന്ദ്രം

4249 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ താലൂക്ക് വ്യവസായ കേന്ദ്രം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് താലൂക്ക് വ്യവസായ കേന്ദ്രം ഇല്ലാത്ത താലൂക്കുകൾ ഏതെല്ലാമെന്ന്

വ്യക്തമാക്കുമോ;

(സി) മഞ്ചേശ്വരം താലൂക്ക് വ്യവസായ കേന്ദ്രം ഈ വർഷം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപടികൾ</u>**

4250 **ശ്രീമതി സി. കെ. ആശ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർക്കാരിന് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വ്യവസായങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അടങ്ങുന്ന തീരുമാനങ്ങൾ വ്യവസായ പ്രതിനിധികളുമായി കൂടിയാലോചിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സംരംഭകർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുവാൻ ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ആധുനിക സാങ്കേതികവിദ്യയും യന്ത്രസംവിധാനങ്ങളും നിലവിലുള്ളത് പരിഗണിച്ച് വ്യവസായ സ്ഥാപനങ്ങളുടെ പരിശോധന, അനുമതി എന്നിവ സംബന്ധിച്ച നിയമങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങളിലും ചട്ടങ്ങളിലും കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**<u>സിഡ്കോയിലെ ഫോർമാൻ തസ്തികയിലേക്കുള്ള പ്രൊമോഷൻ</u>**

4251 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.04.2003 മുതൽ പ്രാബല്യത്തിലുള്ള 28.2.2011-ലെ 66/2011/ഐ.ഡി. നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സിഡ്കോയിൽ വർക്കർ തസ്തികയിൽ നിന്നും ഫോർമാൻ തസ്തികയിലേക്ക് നേരിട്ട് പ്രൊമോഷൻ അനുവദിച്ചു നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 01.04.2003 മുതൽ നാളിതുവരെ എത്രപേർക്ക് ഇപ്രകാരം പ്രമോഷൻ അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സിഡ്കോ സ്റ്റാഫ് റെഗുലേഷൻ റൂൾസിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ച് കൊണ്ട് വർക്കർ തസ്തികയിൽ നിന്നും ഫോർമാൻ തസ്തികയിലേക്ക് നേരിട്ട് പ്രൊമോഷൻ അനുവദിക്കുന്നതിന് സർക്കാർ സിഡ്കോയെ അധികാരപ്പെടു ത്തിയിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ പ്രകാരം ഫോർമാൻ തസ്തികയിലേക്ക് നേരിട്ട് നിയമനം നൽകിയപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉണ്ടായിരുന്നവരുടെ അവസരം

നഷ്ടപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; പരാതികളിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) നിയമവിരുദ്ധമായി ഫോർമാൻ തസ്തികയിലേക്ക് പ്രൊമോഷൻ അനുവദിച്ചത് സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് തയ്യാറാകുമോ; വിശദാംശം നൽകുമോ?

## അനധികൃത ക്വാറികളുടെ പ്രവർത്തനം

4252 **ഡോ. എം.കെ . മുനീർ**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ . ടി. വി. ഇബ്രാഹിം**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കക്ഷികളുടേയും പോലീസ് ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥന്മാരുടെയും മൗനാനുവാദത്തോടെ അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പരിശോധന നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഇത്തരം ക്വാറികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ക്വാറിയിംഗ് പ്രവർത്തനത്തിന് ആവശ്യമായ സ്ഫോടക വസ്തുക്കൾ നിയമാനുസൃതമായ പരിധിയ്ക്കപ്പുറം കൈവശം വയ്ക്കുന്നത് പരിശോധിക്കാറുണ്ടോ; വിശദമാക്കാമോ?

## ലീസ് ഭൂമിയിൽ നിന്നും പാറഖനനം

4253 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലീസ് ഭൂമിയിൽ നിന്നും പാറഖനന അനുമതിയ്ക്കായി എന്തെല്ലാം രേഖകളാണ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കുമോ; ഖനനാനുമതിക്കായി ഹാജരാക്കേണ്ട രേഖകളുടെ ചെക്ക് ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഒന്നിൽ കൂടുതൽ പേർക്ക് അവകാശമുള്ള ലീസ് ഭൂമിയിൽ ഖനനാനുമതി നൽകുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരാണെന്നും എന്തൊക്കെയാണ് ഇവർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭൂമിയിൽ ഖനനാനുമതി നൽകുമ്പോൾ ഭൂമി രജിസ്റ്റർ ചെയ്തിരിക്കുന്ന മുഴുവൻ പേരുടെയും അറിവും സമ്മതവും ആവശ്യമുണ്ടോ; ഇത് സംബന്ധിച്ച് എന്തെല്ലാം പരിശോധനകളാണ് നടത്തുന്നതെന്ന് അറിയിക്കുമോ;

(ഡി) ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

## ക്വാറികളുടെ ദൂരപരിധി

4254 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ജനവാസകേന്ദ്രങ്ങളിൽ നിന്ന് ക്വാറികളിലേക്കുള്ള ദൂരപരിധി എത്രയാണ്; ഇത് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത ദൂരപരിധി വർദ്ധിപ്പിച്ച് ദേശീയ ഹരിതട്രൈബ്യൂണൽ ഉത്തരവിറക്കുകയുണ്ടായോ; എങ്കിൽ ഈ ഉത്തരവ് പ്രകാരമുള്ള പുതിയ വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത ഉത്തരവിനെതിരെ സർക്കാർ സുപ്രീം കോടതിയിൽ ഹർജി സമർപ്പിക്കുകയുണ്ടായോ; എന്തൊക്കെയാണ് ഹർജിയിൽ ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) പ്രസ്തുത കേസിന്റെ നടത്തിപ്പിനായി ചെലവഴിച്ച തുക എത്രയാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## അനധികൃത ക്വാറിയിംഗ് പ്രവർത്തനങ്ങൾ

4255 **ശ്രീ .പി. കെ. ബഷീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ പുറമ്പോക്കുകളിൽ അനധികൃത പാറ ക്വാറികൾ പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അതിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ക്വാറിയിങ്ങിലെ നിയമ വിരുദ്ധ പ്രവർത്തനങ്ങളും അനധികൃത ഖനനവും കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതിന് ഒരോ ജില്ലയിലും പോലീസ്, റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഖാദി സെന്ററുകൾ

4256 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ എത്ര ഖാദി സെന്ററുകളാണ് പ്രവർത്തിക്കുന്നതെന്ന് പഞ്ചായത്ത്, നഗരസഭ തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിൽ ഏതെങ്കിലും ഖാദി സെന്ററുകളുടെ കെട്ടിടങ്ങൾ കാലപ്പഴക്കംകൊണ്ടോ അറ്റകുറ്റപണി നടത്താത്തതിനാലോ ശോചനീയാവസ്ഥലായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ശോചനീയാവസ്ഥയിലുള്ള ഖാദി സെന്ററുകളുടെ കെട്ടിടങ്ങൾ നവീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാശംങ്ങൾ ലഭ്യമാക്കാമോ?

## തൃശ്ശിലേരി പവർ ലൂമിന് സഹായം

4257 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിലെ തൃശ്ശിലേരി പവർ ലൂമിലെ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ വൈവിധ്യവത്ക്കരിക്കാൻ വ്യവസായ വകുപ്പിന്റെ സഹായം കൂടുതൽ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കാമോ;

(ബി) ഇവിടെ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് വകുപ്പിന്റെ ഭാഗത്ത് നിന്ന് നൽകാൻ കഴിയുന്ന സഹായം എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

## കൈത്തറി മേഖലയുടെ നവീകരണം

4258 **ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയിലെ ഉല്പാദനരീതികളുടെ നവീകരണവും ഉല്പാദന വൈവിധ്യവും ഉറപ്പ് വരുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കേരള ഹാന്റ്ലൂമിനെ പൊതു ബ്രാന്റിന്റെ കീഴിൽ കൊണ്ടുവരുവാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) കേരള കൈത്തറികൾക്ക് ഓൺലൈൻ വിപണനം അടക്കമുള്ള നൂതന വിപണന മാർഗ്ഗങ്ങൾ സ്വീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കൈത്തറി മേഖലയ്ക്ക് ആവശ്യമായ കഴിനൂൽ ഉല്പാദനം ഏതൊക്കെ മില്ലുകളിലാണ് നടത്തുന്നതെന്ന് അറിയിക്കാമോ; സംസ്ഥാനത്ത് ആവശ്യമായ നൂൽ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നതിന് സാധിക്കുന്നുണ്ടോ; വിശദമാക്കുമോ?

## ഖാദി ബോർഡ് വൈസ് ചെയർമാൻ

4259 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ബോർഡ് വൈസ് ചെയർമാൻ സ്ഥാനത്തേക്ക് ആരെയെങ്കിലും നിയോഗിച്ചുകൊണ്ട് ഈ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ടി ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവനുസരിച്ച് വൈസ് ചെയർമാൻ സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ട വ്യക്തി ചുമതല ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ഖാദി വ്യവസായം ശക്തിപ്പെടുത്താൻ നടപടി

4260 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വ്യവസായം ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച്

വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടുനൂലിന്റെ ഉത്പ്പാദനം വർധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## ഖാദി ബോർഡിന് കീഴിലുള്ള നൂൽനൂൽപ്പ് കേന്ദ്രങ്ങളും തൊഴിലാളികളും

4261 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി ബോർഡിന് കീഴിൽ എത്ര നൂൽനൂൽപ്പ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര തൊഴിലാളികളാണ് ജോലി ചെയ്യുന്നതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

## കയർ കയറ്റുമതി

4262 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടോ; കഴിഞ്ഞ സാമ്പത്തിക വർഷത്തെ കയറ്റുമതി എത്രയായിരുന്നു; വിശദമാക്കുമോ?

## മൊഗ്രാലിൽ കയർ ഡീഫൈബറിംഗ് യൂണിറ്റ്

4263 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ കുമ്പളയിലെ മൊഗ്രാലിൽ കയർ ഡീഫൈബറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) പദ്ധതിക്കായി ഭൂമി ലഭ്യമായിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതിയുടെ വിശദാംശങ്ങളും പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ലഭ്യമാകുന്ന നേട്ടങ്ങളും വിശദമാക്കുമോ;

(ഡി) പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

## കയറിന്റെയും കയറുല്പന്നങ്ങളുടെയും നിർമ്മാണം

4264 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം താലൂക്കുകളിലാണ് കയറും കയറുല്പന്നങ്ങളും നിർമ്മിക്കുന്നത്; വിശദമാക്കുമോ;

(ബി) കയറിന്റെയും കയറുല്പന്നങ്ങളുടെയും നിർമ്മാണം മുഖ്യ തൊഴിലായി സ്വീകരിച്ചവർ എത്രയാണ്; താലൂക്ക് തിരിച്ച് വിശദമാക്കുമോ?

## കയർ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

4265 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ലോക്ഡൗൺ കാലയളവിലെ കയർ മേഖലയിലെ മാന്ദ്യം

4266 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ കാലയളവിൽ കയർ മേഖലയിൽ ഉണ്ടായിട്ടുള്ള മാന്ദ്യം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## പള്ളിപ്പുറം കയർ വ്യവസായ സഹകരണ സംഘത്തിന്റെ പുനരുദ്ധാരണം

4267 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം കയർ വ്യവസായ സഹകരണ സംഘം നമ്പർ 715 ന്റെ പുനരുദ്ധാരണത്തിനായി 2019-20 സാമ്പത്തികവർഷം തുക അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തിയുടെ നിജസ്ഥിതിയും പ്രവൃത്തി ആരംഭിക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണവും വിശദമാക്കാമോ?

## മണ്ണ് ജല സംരക്ഷണത്തിന് കയർ ഭൂവസ്ത്രം

4268 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ്, ജല സംരക്ഷണ പ്രവൃത്തികളുടെ ഭാഗമായി നല്ലരീതിയിൽ ഉപയോഗിച്ചുവരുന്നതും പരിസ്ഥിതിക്ക് ഉതകുന്നതുമായ കയർ ഭൂവസ്ത്രം സംസ്ഥാനമാകെ വ്യാപകമാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) കണ്ണൂർ, കാസർകോട് ജില്ലകളിൽ കയർ ഭൂവസ്ത്ര ഉപയോഗത്തിൽ നിലവിൽ കുറവു വന്നിട്ടുണ്ടോ;

(സി) കയർ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പു വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## കയർ ഉല്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിന് നടപടികൾ

4269 **ശ്രീമതി യു പ്രതിഭ**
**ശ്രീ വി ജോയി**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായമായ കയർ മേഖലയിലെ ഉല്പന്നങ്ങളുടെ ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ

വിശദമാക്കാമോ;

(ബി) വിപണി, തൊഴിലവസരങ്ങൾ തുടങ്ങിയ മേഖലകളിൽ കയർ ഭൂവസ്ത്ര പദ്ധതി ഏതെല്ലാം വിധത്തിൽ പ്രയോജനപ്പെടുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) കയർ ഉല്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേകമായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകാമോ?

**<u>കയർഫെഡിൽ സിസ്റ്റം അനലിസ്റ്റ് തസ്തിക</u>**

4270 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡിൽ സിസ്റ്റം അനലിസ്റ്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) അടുത്ത ആറ് മാസത്തിനുള്ളിൽ കയർഫെഡിൽ സിസ്റ്റം അനലിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>കയർ ജിയോ ടെക്സ്റ്റൈൽ ഇറക്കുമതി</u>**

4271 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായ മേഖലയ്ക്ക് എത്ര ടൺ ചകിരി ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ടോ; അത്രയും ചകിരി കേരളത്തിൽ ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കയർ വ്യവസായ മേഖലയ്ക്ക് വളരയേറെ പുരോഗതി നൽകുന്ന കയർ ജിയോ ടെക്സ്റ്റൈൽ ഗണ്യമായ രീതിയിൽ കുറഞ്ഞ വിലയ്ക്ക് ഇതരസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നത് കയർ വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**<u>പ്രവർത്തനരഹിതമായ കയർ സഹകരണസംഘങ്ങൾ</u>**

4272 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തനരഹിതമായ എത്ര കയർ സഹകരണ സംഘങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ വൈദ്യുതി വകുപ്പുമായുള്ള തർക്കം കാരണം പ്രവർത്തനം തുടങ്ങാൻ കഴിയാത്തവ എത്രയെന്ന് അറിയിക്കുമോ;

(സി) സർക്കാർ തീരുമാനം വൈദ്യുതി റഗുലേറ്ററി കമ്മിറ്റി അംഗീകരിക്കാത്തതിനാലാണ് കൊടുവള്ളി കയർ വ്യവസായ സഹകരണ സംഘം തുറക്കാൻ കഴിയാത്തതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കൊട്ടവള്ളി സഹകരണ കയർ ഫാക്ടറി തുറന്ന് പ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>കയർ വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നതിനെതിരെ നടപടി</u>**

4273 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് വൻ തോതിൽ ഇറക്കുമതി ചെയ്യുന്ന കയർ ഉല്പന്നം സംസ്ഥാനത്തെ കയർ വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നതിനെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**<u>കശുവണ്ടി വ്യവസായ മേഖലയുടെ നവീകരണം</u>**

4274 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി</u>**

4275 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രതിസന്ധിക്ക് ഒരു കാരണം കശുവണ്ടി വികസന ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളി പ്രതിനിധികളുടെ പ്രൊഫഷണൽ അല്ലാത്ത സമീപനമാണ് എന്ന നിലപാട് സർക്കാരിനുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കുമോ?

**<u>കശുവണ്ടി തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ ഉറപ്പാക്കുന്ന നടപടി</u>**

4276 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ ഉറപ്പുവരുത്തുന്നതിന് വൈവിധ്യവൽക്കരണത്തിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മലബാർ മേഖലയിൽ ഉൾപ്പെടെ വിപണനം ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ;

(ബി) കശുവണ്ടി മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ പവർകട്ട്</u>**

4277 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് പവർകട്ട് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**<u>വൈദ്യുതി ഉല്പാദനരംഗത്തെ വളർച്ച</u>**

4278 **ശ്രീ. പി. ടി. തോമസ്**
**ശ്രീ. ടി.സിദ്ദിഖ്**
**ശ്രീമതി കെ.കെ.രമ**
**ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസരണശേഷി ഉയർത്തി സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യം മുടക്കമില്ലാതെ നിറവേറ്റുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന് വൈദ്യുതി ഉല്പാദനരംഗത്ത് എത്രത്തോളം വളർച്ച കൈവരിക്കാനായി എന്ന് വ്യക്തമാക്കാമോ; നിലവിൽ പൂർത്തീകരിക്കാനുള്ള ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമെന്നും അവ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും അറിയിക്കാമോ;

(സി) പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>ഇലക്ട്രിക്കൽ സെക്ഷനുകളുടെ വിഭജനം</u>**

4279 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ ഉപഭോക്താക്കളുള്ളതും ദൂരപരിധി കൂടുതലുള്ളതുമായ ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം സ്ഥാപിക്കുന്ന സെക്ഷനുകളുടെ പ്രവർത്തനത്തിന് സ്വകാര്യ കെട്ടിടങ്ങളിൽ അല്ലാതെ അടുത്ത് പ്രവർത്തിക്കുന്ന സ്ഥലസൗകര്യമുള്ള സർക്കാർ കെട്ടിടങ്ങളിൽ സംവിധാനം ഉണ്ടാക്കുമോ എന്ന് വ്യക്തമാക്കാമോ?

**<u>തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിൽ റിംഗ്ചെയിൻ യൂണിറ്റ്</u>**

4280 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജ്, ചെസ്റ്റ് ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ നിലവിലുള്ള വൈദ്യുത വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള 11 കെ.വി.റിംഗ്ചെയിൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>കാസർഗോഡ് ജില്ലയിൽ വൈദ്യുതി കണക്ഷനായുള്ള അപേക്ഷകൾ</u>**

4281 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പണം അടച്ചിട്ടും വൈദ്യുതി കണക്ഷൻ നൽകാൻ സാധിക്കാത്ത എത്ര അപേക്ഷകൾ ഉണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിൽ ബി.പി.എൽ. വിഭാഗത്തിലുള്ളവ എത്രയെന്ന് അറിയിക്കാമോ;

(സി) കണക്ഷൻ നൽകുന്നതിന് ജില്ലയിൽ പോസ്റ്റുകളുടെ ക്ഷാമമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പോസ്റ്റുകൾ അടക്കമുള്ള സാധനങ്ങൾ ജില്ലക്ക് അനുവദിക്കുന്നത് പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

## ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പുരോഗതി

4282 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽ നിർമ്മാണ ഘട്ടത്തിലിരിക്കുന്നവ എതെല്ലാമെന്ന് വ്യക്തമാക്കാമോ; അവയുടെ പൂർത്തീകരണത്തിന് തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്താൻ എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; ഇത് സംബന്ധിച്ച് റിപ്പോർട്ടുകൾ ലഭ്യമാണോ; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വൈദ്യുതി ലഭ്യത കുറയുന്ന സാഹചര്യത്തിൽ പ്രസ്തുത ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കാൻ കർമ്മ പദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കാമോ;

(ഡി) അന്താരാഷ്ട്ര നിലവാരത്തിലുള്ള വൈദ്യുതി പ്രസരണ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## നിലമ്പൂർ മണ്ഡലത്തിലെ ആദിവാസി കോളനികളുടെ വൈദ്യുതീകരണം

4283 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ന് ശേഷം നിലമ്പൂർ മണ്ഡലത്തിലെ എത്ര ആദിവാസി കോളനികളിലാണ് വൈദ്യുതി എത്തിക്കാനായതെന്നും കോളനികളുടെ പേരും ചെലവഴിച്ച തുകയും വൈദ്യുതി എത്തിച്ച മാർഗവും അടക്കമുള്ള വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) നിലമ്പൂർ മണ്ഡലത്തിൽ വൈദ്യുതീകരിക്കാത്ത എത്ര ആദിവാസി കോളനികളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോളനികളുടെ വൈദ്യുതീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ ആദിവാസി കോളനികളിൽ ഓൺലൈൻ പഠന സൗകര്യമൊരുക്കാൻ വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിനായി ഏതെങ്കിലും ആദിവാസി കോളനികളിലേക്ക് പുതുതായി വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം

4284 **ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. പി. ടി. തോമസ്**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇപ്രകാരം ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് വ്യക്തമാക്കുമോ;

(ബി) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) കാറ്റിൽ നിന്നും കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കാനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## വൈദ്യുതി പ്രതിസന്ധി

4285 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് വൈദ്യുതി ഉല്പാദനത്തിലുള്ള പ്രതിസന്ധി നേരിടുന്നതിന് സംസ്ഥാനം എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി ഉണ്ടായാൽ പവർകട്ട് ഏർപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## പ്രീപെയ്ഡ് വൈദ്യുതി സ്മാർട്ട് മീറ്റർ

4286 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിച്ച് നൽകുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മീറ്ററുകൾ സ്ഥാപിക്കുന്നതുകൊണ്ട് ഉപഭോക്താവിന് ലഭിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## കേന്ദ്ര വൈദ്യുതി വിഹിതത്തിലെ കുറവ്

4287 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനുള്ള കേന്ദ്ര വൈദ്യുതി വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; ഈ കുറവ് ഏത് രീതിയിൽ പരിഹരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) അധിക ജല വൈദ്യുതി ഉല്പാദനത്തിലൂടെ പ്രസ്തുത കുറവ് പരിഹരിക്കാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

## സംസ്ഥാനത്തെ വൈദ്യുതോല്പാദനം

4288 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വൈദ്യുതി ക്ഷാമം ഉണ്ടോ; അറിയിക്കാമോ;

(ബി) നിലവിലെ ഉപഭോഗ നിരക്ക് പ്രകാരം എത്ര ദിവസത്തേക്കുള്ള വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ഇന്ധനമാണ് (ജലം ഉൾപ്പെടെ) വിവിധ സ്രോതസ്സുകളിൽ ലഭ്യമായിട്ടുള്ളത്; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ലോഡ്ഷെഡിംഗോ പവർ കട്ടോ ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലുണ്ടോ;

(ഡി) വൈദ്യുതി ഉപഭോഗത്തിന്റെ എത്ര ശതമാനമാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത്; സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നതും പുറമേനിന്ന് ലഭ്യമാക്കുന്നതുമായ വൈദ്യുതിയുടെ സ്രോതസ്സുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) വൈദ്യുതിയുടെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## കൽക്കരി ക്ഷാമം മൂലമുള്ള വൈദ്യുതി പ്രതിസന്ധി

4289 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽക്കരി ക്ഷാമം രൂക്ഷമായികൊണ്ടിരിക്കുന്ന സാഹചര്യം കേരളത്തിന്റെ വൈദ്യുതി മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കൽക്കരി ക്ഷാമം വൈദ്യുതി മേഖലയ്ക്ക് വരുത്താവുന്ന പ്രശ്നങ്ങൾ നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര പൂളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും സ്വീകരിക്കുന്ന വൈദ്യുതിയ്ക്ക് ഒരു യൂണിറ്റിന് നൽകുന്ന നിരക്ക് എത്രയാണെന്ന് വിശദീകരിക്കാമോ?

## ഇക്യുപൊട്ടെൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ്

4290 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനിൽ പണിചെയ്യുമ്പോഴും വൈദ്യുതി ബന്ധം വിച്ഛേദിച്ച് പ്രവൃത്തി നടത്തുമ്പോഴും മരണം ഉൾപ്പെടെയുള്ള ഗുരുതര പരിക്കുകൾ സംഭവിക്കുന്നത്

കണക്കിലെടുത്ത് ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) നൂതന വർക്ക് സൈറ്റ് എർത്തിംഗ് രീതിയായ ഇക്വിപൊട്ടെൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ് നടപ്പിലാക്കിയതിനു ശേഷം അപകടം ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

## പാറശാല മണ്ഡലത്തിൽ വൈദ്യുത വിതരണ ശൃംഖല തകരാറിലാകുന്നത് പരിഹരിക്കാൻ നടപടി

4291 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ അമ്പൂരി, വെള്ളറട, കള്ളിക്കാട്, ഒറ്റശേഖരമംഗലം എന്നിവിടങ്ങളിൽ കാലാവസ്ഥ വ്യതിയാനം ഉണ്ടാകുന്ന അവസരങ്ങളിൽ വൻമരങ്ങൾ കടപുഴകി വീണ് വൈദ്യുത വിതരണ ശൃംഖല തകരാറിലാകുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിൽ സാധ്യതയ്ക്ക് അനുസരിച്ച് ഭൂഗർഭ കേബിൾ വഴിയോ കവേർഡ് ലൈൻ വഴിയോ വൈദ്യുത വിതരണം നടത്തണമെന്ന നിർദ്ദേശത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത മേഖലയിൽ ഭൂഗർഭ കേബിൾ വഴിയോ കവേർഡ് ലൈൻ വഴിയോ വൈദ്യുത വിതരണം നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കൽക്കരി ക്ഷാമം മൂലമുള്ള വൈദ്യുതി പ്രതിസന്ധി

4292 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ കൽക്കരി ക്ഷാമം സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) പവർകട്ടും ലോഡ് ഷെഡിങ്ങും ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കാരണത്താൽ വൈദ്യുതി ചാർജ്ജിൽ വർദ്ധനവ് വരുത്തേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതി വിഹിതത്തിന്റെ അപര്യാപ്തത

4293 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൂളിൽനിന്ന് സംസ്ഥാനത്തിനുള്ള വൈദ്യുതി വിഹിതത്തിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധി

4294 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുന്നു എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ;

(ബി) വൈദ്യുതി പ്രതിസന്ധിയെ തുടർന്ന് ലോഡ്ഷെഡിംഗോ പവർകട്ടോ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) രാജ്യത്ത് കൽക്കരി ക്ഷാമം രൂക്ഷമായത് സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

**<u>എനർജി എക്സ്ചേഞ്ച് മുഖേനയുള്ള വൈദ്യുതി വില്പന</u>**

4295 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതി എനർജി എക്സ്ചേഞ്ച് മുഖേന വിൽക്കുന്നുണ്ടോ ;

(ബി) കൽക്കരി ക്ഷാമത്തെ തുടർന്നുള്ള വൈദ്യുതി പ്രതിസന്ധിയുടെ സാഹചര്യത്തിൽ പ്രസ്തുത വൈദ്യുതി വിൽപന പവർകട്ടിന് കാരണമാകുമോ; വിശദമാക്കുമോ?

**<u>കൽക്കരി ക്ഷാമം മൂലമുള്ള വൈദ്യുതി പ്രതിസന്ധി</u>**

4296 **ശ്രീമതി യു പ്രതിഭ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ.എം.സച്ചിൻദേവ്**
**ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽക്കരി ക്ഷാമത്തെ തുടർന്ന് രാജ്യത്ത് വൈദ്യുതി മേഖലയിൽ ഉണ്ടായ പ്രതിസന്ധി സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്നാണ് കണക്കാക്കുന്നത്; വിശദമാക്കുമോ;

(ബി) ഇത് നേരിടാൻ സംസ്ഥാനം എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാരണത്താൽ കെ.എസ്.ഇ.ബി. യ്ക്ക് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത എങ്ങനെ തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലെ പ്രതിസന്ധി സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലെ ഒഴിവുകൾ</u>**

4297 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ നിലവിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാർ സേവനമനുഷ്ഠിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.യിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ പി. എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കെ.എസ്.ഇ.ബി.യിലെ ആശ്രിത നിയമനം

4298 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിൽ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിത നിയമനത്തിനായി വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ടെക്നിക്കൽ വിഭാഗം ജീവനക്കാർ മരണമടയുമ്പോൾ ആശ്രിതർക്ക് മിനിസ്റ്റീരിയൽ വിഭാഗത്തിലേയ്ക്ക് സമാശ്വാസ തൊഴിൽ നൽകിവരുന്നുണ്ടോ; അറിയിക്കാമോ;

(സി) ഇത്തരത്തിലുള്ള അപേക്ഷകളിൽ ഇനി തീർപ്പാക്കാനുള്ളവയുടെ എണ്ണവും തീർപ്പാക്കാത്തതിന്റെ കാരണവും തരംതിരിച്ച് ലഭ്യമാക്കാമോ?

## പാറശ്ശാല മണ്ഡലത്തിലെ കെ.എസ്.ഇ.ബി. പ്രവൃത്തികൾ

4299 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസമേഖലകളിലൂടെയും കൃഷിയിടങ്ങൾക്ക് മുകളിലൂടെയും കടന്നുപോകുന്ന 11 കെ.വി. ലൈനുകൾ സുരക്ഷിതസ്ഥാനത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; ഇതിനായുള്ള മാനദണ്ഡങ്ങളുടെ വിശദാംശം അറിയിക്കാമോ;

(ബി) കെ.എസ്.ഇ.ബി. പാറശ്ശാല മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) മുൻ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചതും പൂർത്തിയാക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

## ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസ വൈദ്യുതി റീഡിംഗിന് നടപടി

4300 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വീടുകളുടെ വൈദ്യുതി റീഡിംഗ് എടുക്കുന്ന കാലയളവ് വ്യക്തമാക്കുമോ;

(ബി) രണ്ട് മാസത്തിലൊരിക്കൽ റീഡിംഗ് എടുക്കുന്നതിലൂടെ സ്ലാബ് മാറ്റം മൂലം

ഗാർഹിക ഉപഭോക്താക്കൾ കൂടുതൽ തുക വൈദ്യുതി ചാർജായി അടയ്ക്കേണ്ടി വരുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ പൊതുജനങ്ങളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഇപ്രകാരമുള്ള മീറ്റർ റീഡിംഗ് മൂലം ഗാർഹിക ഉപഭോക്താക്കൾ കൂടുതൽ തുക വൈദ്യുതി ചാർജായി അടയ്ക്കേണ്ടി വരുന്നുവെന്ന് ആരോപണമുള്ളതിനാൽ കെ.എസ്.ഇ.ബി. ഇത് സംബന്ധിച്ച് വിശദീകരണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) വീടുകളുടെ റീഡിംഗ് പ്രതിമാസം എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത നടപടിയിലൂടെ ഗാർഹിക ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കുന്നതിന് തയ്യാറാകുമോ; ഇത് സംബന്ധിച്ച് പൊതു ജനാഭിപ്രായം തേടാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(എഫ്) രണ്ട് മാസത്തിലൊരിക്കൽ ഗാർഹിക റീഡിംഗ് എടുക്കുന്നതിലൂടെ ഉപഭോക്താക്കൾക്കുള്ള നേട്ടങ്ങളും കോട്ടങ്ങളും എന്താണെന്ന് വിലയിരുത്തി വിശദമാക്കുമോ?

## കെ.എസ്.ഇ.ബി.യുടെ കടബാധ്യത

4301 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ നിലവിലെ കടബാധ്യത എത്രയെന്നും പ്രസ്തുത കടബാധ്യത ഉണ്ടാകാനുള്ള കാരണവും വ്യക്തമാക്കാമോ;

(ബി) കടബാധ്യതകൾ ലഘൂകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കെ.എസ്.ഇ.ബി. ലാഭകരമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കെ.എസ്.ഇ.ബി. അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

4302 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിലെ അസിസ്റ്റന്റ് തസ്തികയിലേക്ക് നിലവിലുള്ള കമ്പനി/ ബോർഡ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നൽകുന്നതിനായി റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലെ നാളിതുവരെയുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി. യെ അറിയിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നില്ലെന്ന ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിനായി കെ.എസ്.ഇ.ബി. യുടെ ഭൂമി

4303 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി കക്കയം കെ.എസ്.ഇ.ബി. യുടെ കൈവശമുള്ള ഭൂമി വിട്ടുകൊടുക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഭൂമി വിട്ടു കൊടുക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുമോ; വ്യക്തമാക്കാമോ?

## കെ.എസ്.ഇ.ബി.യിലെ നവീകരണ പ്രവർത്തനങ്ങൾ

4304 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് 2021-22 ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏതൊക്കെ മേഖലകളിലാണ് പ്രാവർത്തികമാക്കുന്നത് എന്ന് വിശദമാക്കാമോ?

## താഴ്ന്ന യോഗ്യതയുള്ളവരുടെ അവസര നഷ്ടം

4305 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിൽ ഐ.ടി.ഐ., കെ.ജി.സി.ഇ., വി.എച്ച്.എസ് .ഇ എന്നീ അടിസ്ഥാന യോഗ്യത ആവശ്യമുള്ള തസ്തികകളിൽ ഡിപ്ലോമ, ബി.ടെക്, എം.ടെക് തുടങ്ങിയ യോഗ്യതയുള്ളവർ റാങ്ക് പട്ടികയിൽ ഇടം പിടിക്കുന്നത് കാരണം അടിസ്ഥാന യോഗ്യത മാത്രമുള്ളവർക്ക് അവസരം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാർ സർവീസുകളിൽ ഐ.ടി.ഐ., കെ.ജി.സി. ഇ., വി.എച്ച്.എസ്.ഇ. എന്നിവ അടിസ്ഥാന യോഗ്യതയായി ആവശ്യമുള്ള തസ്തികകളിൽ പ്രസ്തുത യോഗ്യത മാത്രമുള്ള ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ കെ.എസ്.ഇ.ബി.യിൽ ഉയർന്ന യോഗ്യതയുള്ളവരെയും പരിഗണിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) ഉയർന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് താഴ്ന്ന തസ്തികകളും ഉയർന്ന തസ്തികകളും പ്രാപ്യമാകുമ്പോൾ മേൽ പരാമർശിച്ച താഴ്ന്ന യോഗ്യതകൾ മാത്രമുള്ളവർക്ക് അവസരങ്ങൾ നഷ്ടമാകുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

## വൈദ്യുതി ഫിക്സഡ് ചാർജ്ജ് കുടിശ്ശിക ഒഴിവാക്കാൻ നടപടി

4306 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തെ തുടർന്ന് സംസ്ഥാനത്തെ തീയേറ്ററുകളും ആഡിറ്റോറിയങ്ങളും അടഞ്ഞുകിടന്ന കാലയളവിൽ പ്രസ്തുത സ്ഥാപനങ്ങളുടെ

വൈദ്യുതി ഫിക്സഡ് ചാർജ്ജ് കുടിശ്ശിക ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ചങ്ങനാശ്ശേരി മണ്ഡലത്തിലെ കെ.എസ്.ഇ.ബി. പദ്ധതികൾ</u>**

4307 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ കെ.എസ്.ഇ.ബി. നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും വ്യക്തമാക്കുമോ?

**<u>സെക്ഷൻ ഓഫീസ് കെട്ടിട നിർമ്മാണത്തിന് റവന്യൂ ഭൂമി</u>**

4308 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ;

(ബി) സ്വന്തമായി ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി ലീസിന് ലഭ്യമാക്കാൻ പറ്റുന്ന സ്ഥലങ്ങളിൽ ആയത് ലഭ്യമാക്കാനുള്ള നടപടി വകുപ്പ് സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ആയതിന് ലീസ് അപേക്ഷ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

**<u>കരാർ തൊഴിലാളികൾക്ക് ഇൻഷ്വറൻസ്</u>**

4309 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. കരാർ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>വൈദ്യുതി ബോർഡിലെ ക്രമവിരുദ്ധമായ തസ്തിക സൃഷ്ടിക്കൽ</u>**

4310 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ പ്രതീക്ഷിത ഒഴിവുകളെക്കാൾ കൂടുതൽ സൂപ്പർ ന്യൂമററി തസ്തികകൾ മന്ത്രിസഭയുടെ അനുമതിയില്ലാതെ സൃഷ്ടിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് മൂലം ബോർഡിനുണ്ടാകുന്ന അധികച്ചെലവ് കണ്ടെത്തുന്നതിനായി വൈദ്യുതി നിരക്ക് കൂട്ടേണ്ടി വരുമെന്ന സാഹചര്യം തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>വൈദ്യുതി മോഷണം</u>**

4311 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ എത്ര കോടി രൂപയുടെ വൈദ്യുതി മോഷണം പിടികൂടിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുമുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

**<u>വൈദ്യുതി നിരക്ക് വർദ്ധന</u>**

4312 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്ത് എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുമ്പോൾ ഏതെങ്കിലും വിഭാഗങ്ങളെ പ്രസ്തുത വർദ്ധനയിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>സ്വകാര്യ മേഖലയിലെ വൈദ്യുതി ഉല്പാദനം</u>**

4313 **ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ. യു.എ.ലത്തീഫ്**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഇവയിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുവെന്നും വിശദമാക്കാമോ;

(സി) വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിന് സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>വൈദ്യുതി പ്രതിസന്ധി നേരിടുന്നതിന് പദ്ധതികൾ</u>**

4314 **ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വൈദ്യുതി പ്രതിസന്ധി സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) വൈദ്യുതി ക്ഷാമം നേരിടുന്നതിനും വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതികൾ എവിടെയെല്ലാം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി സ്വീകരിച്ച നടപടികൾ

വ്യക്തമാക്കാമോ?

**<u>സംസ്ഥാനത്തെ ഊർജ്ജ മേഖലയിലെ പ്രതിസന്ധി</u>**

4315 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താപ വൈദ്യുതിയുടെ ലഭ്യതക്കുറവ് മൂലം ഊർജ്ജ മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുവാൻ സംസ്ഥാനം സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്ത് പവർകട്ടും ലോഡ് ഷെഡിംഗും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>അണക്കെട്ടുകളിലെ ജലനിരപ്പ്</u>**

4316 **ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വിഭാഗത്തിന്റെ അറിയിപ്പുകളുടെ പശ്ചാത്തലത്തിൽ വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള അണക്കെട്ടുകളുടെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവയിലെ ജലനിരപ്പ് സംഭരണശേഷിക്കനുസരിച്ചാണോ നിലവിലുള്ളത് എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) നീരൊഴുക്ക് ക്രമാതീതമായി വർദ്ധിച്ചാൽ ഉണ്ടാകാനിടയുള്ള ഗൗരവാവസ്ഥ പരിഗണിച്ച് ജനങ്ങൾക്കാവശ്യമായ മുന്നറിയിപ്പുകൾ യഥാസമയം നൽകുന്നതിന് സംവിധാനമുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

**<u>കൽക്കരി ക്ഷാമവും വൈദ്യുതി പ്രതിസന്ധിയും</u>**

4317 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽക്കരിയുടെ ക്ഷാമം മൂലം സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധിയുണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രതിസന്ധി നേരിടുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) കൽക്കരിയിൽ നിന്ന് ഉല്പാദിപ്പിക്കുന്ന ഇനത്തിൽ സംസ്ഥാനത്തിന് എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നുവെന്ന് വിശദമാക്കാമോ?

**<u>കൽക്കരി ക്ഷാമം മൂലമുള്ള വൈദ്യുതി നിയന്ത്രണം</u>**

4318 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ കൽക്കരി ക്ഷാമം മൂലം സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയത് നേരിടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>കുന്നത്തുനാട് മണ്ഡലത്തിലെ ദ്യുതി, നിലാവ് പദ്ധതികൾ</u>**

4319 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ദ്യുതി പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) നിലാവ് പദ്ധതി പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) നിലാവ് പദ്ധതിയിൽ എത്ര സ്ട്രീറ്റ് ലൈറ്റുകളാണ് സ്ഥാപിച്ചതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) രണ്ടാം ഘട്ടത്തിൽ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

**<u>ഗുരുവായൂർ മണ്ഡലത്തിൽ പുരപ്പുറ സൗരപദ്ധതി</u>**

4320 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജക മണ്ഡലത്തിൽ പുരപ്പുറങ്ങളിൽ സൗരപദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര നിലയങ്ങൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഗുരുവായൂർ മണ്ഡലത്തിലെ ഏതൊക്കെ സർക്കാർ ഓഫീസുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ എന്നിവയിൽ നടപ്പാക്കിയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ അവശേഷിക്കുന്ന സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപന കെട്ടിടങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>മറിപ്പുഴ മിനി ജലവൈദ്യുത പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ്</u>**

4321 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മറിപ്പുഴ മിനി ജലവൈദ്യുത പദ്ധതിക്കായി സ്ഥലമേറ്റെടുത്തതിന് എത്രപേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും ഇനി എത്രപേർക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്നും വിശദമാക്കുമോ;

(ബി) അവശേഷിക്കുന്നവർക്ക് എപ്പോൾ നഷ്ടപരിഹാരം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കർഷകർക്കുള്ള സൗജന്യ വൈദ്യുതി

4322 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് സൗജന്യ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രീ പെയ്ഡ് സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കുന്ന സാഹചര്യത്തിൽ കർഷകരുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കാർഷിക കണക്ഷനുകൾ ഇതിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഓളിക്കൽ, പൂവാറൻതോട് ജലവൈദ്യുത പദ്ധതികൾ

4323 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നടപ്പിലാക്കുന്ന ഓളിക്കൽ, പൂവാറൻതോട് മിനി ജലവൈദ്യുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

4324 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കുവേണ്ടി ഇതുവരെ ഏതെല്ലാം തരത്തിൽ തുക ചെലവാക്കിയെന്നതിന്റെ വിശദാംശം അറിയിക്കാമോ;

(ബി) നഷ്ടപ്പെടുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാരമായി കെ.എസ്.ഇ.ബി. വനം വകുപ്പിന് തുക നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ;

(സി) പദ്ധതി ആരംഭിച്ചില്ലെങ്കിൽ പ്രസ്തുത തുക തിരികെ നൽകാമെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി റദ്ദ് ചെയ്യാൻ സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

## പുതിയ ജലവൈദ്യുത പദ്ധതികൾ

4325 **ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്; ജലവൈദ്യുത നിലയങ്ങൾ എവിടെയൊക്കെ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ കെ.എസ്.ഇ.ബി. പ്രവൃത്തികൾ

4326 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ 2016 മേയ് മുതൽ 2021 മാർച്ച് വരെ കെ.എസ്.ഇ.ബി. നടപ്പാക്കിയ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയാണെന്നും അറിയിക്കാമോ?

**ആലത്തൂർ മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിംഗ് സ്റ്റേഷൻ**

4327 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്നും അവ എന്ന് പ്രവർത്തനക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

**ആലത്തൂർ മണ്ഡലത്തിലെ നിലാവ് പദ്ധതി**

4328 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ നിലാവ് പദ്ധതിയിൽ എത്ര സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥയെന്തെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

**സൗരോർജ്ജ, ജലവൈദ്യുത നിലയങ്ങൾ**

4329 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. എ. രാജ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി ആകെ എത്ര മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങളാണ് സ്ഥാപിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം ചെയ്ത ചെറുകിട ജല വൈദ്യുത നിലയങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരമേറ്റ് നൂറ് ദിവസത്തിനുള്ളിൽ എത്ര മെഗാവാട്ട് ശേഷിയുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

**കേരള ഗ്രീൻ എനർജി മിഷൻ**

4330 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**

**ശ്രീ . കെ .ഡി .പ്രസേനൻ**

**ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഊർജ്ജ സ്വയംപര്യാപ്തതയ്ക്കായി വീടുകളിൽ നിന്ന് സൗരോർജ്ജം ഉല്പാദിപ്പിക്കുന്നതിനുള്ള കേരള ഗ്രീൻ എനർജി മിഷന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളായി ഓരോ വർഷവും വൈദ്യുതി ഉപയോഗം എത്ര ശതമാനം വീതം വർദ്ധിക്കുന്നുവെന്ന് അറിയിക്കാമോ; ഇലക്ട്രിക് വാഹനങ്ങളുടെ വൻതോതിലുള്ള വരവ്, കൃഷി അനുബന്ധ മേഖലകളിലെ ആധുനികവൽക്കരണം എന്നിവ കൂടിയാകുമ്പോൾ വൈദ്യുതി ഉപയോഗം എത്ര ശതമാനം വീതം വർദ്ധിക്കാൻ സാധ്യതയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ? എങ്കിൽ അറിയിക്കാമോ?

## <u>ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ</u>

4331 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

## <u>ഇലക്ട്രിക് ഓട്ടോകളുടെ ചാർജ്ജിംഗ് സൗകര്യം</u>

4332 **ഡോ. എം.കെ . മുനീർ**

**ശ്രീ എൻ എ നെല്ലിക്കുന്ന്**

**ശ്രീ . ടി. വി. ഇബ്രാഹിം**

**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് ഓട്ടോകൾക്ക് അവയുടെ സ്റ്റാൻഡിന്റെ പരിസരത്തുനിന്നും ചാർജ്ജ് ചെയ്യാൻ സൗകര്യമൊരുക്കുന്നതിന് വൈദ്യുതി ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) വൈദ്യുതത്തൂണുകളിൽ ചാർജിംഗ് പോയിന്റ് ഏർപ്പെടുത്തുന്ന പദ്ധതി സംസ്ഥാനത്താകമാനം വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

## <u>ടെയിൽ റേസ് പദ്ധതി</u>

4333 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**

**ശ്രീ. പി. ടി. എ. റഹീം**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിലയങ്ങളിൽ വൈദ്യുതി ഉത്പാദിപ്പിച്ച ശേഷം പുറത്തു വിടുന്ന വെള്ളം ഉപയോഗിച്ച് വീണ്ടും വൈദ്യുതി ഉത്പാദിപ്പിക്കുന്ന ടെയിൽ റേസ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം

കൂട്ടുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**സ്വകാര്യ മേഖലയിൽ ചെറുകിട വൈദ്യുതോല്പാദനം**

4334 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ രംഗത്ത് ഉൾപ്പെടെയുള്ള മുന്നേറ്റത്തിനായി വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ മേഖലയിൽ ചെറുകിട വൈദ്യുതോല്പാദനം നടത്തുന്നതിന് പ്രോത്സാഹനം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**ഒറ്റപ്പാലം കുണ്ടുപറമ്പ് പള്ളിയാലിലെ വോൾട്ടേജ് ക്ഷാമം**

4335 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നഗരസഭയിൽ രണ്ടാം വാർഡിൽ കുണ്ടുപറമ്പ് പള്ളിയാൽ ഭാഗത്തെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**പ്രസരണ-വിതരണ മേഖലകളിലെ പദ്ധതികൾ**

4336 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ വി ജോയി**
**ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ് നൂറ് ദിവസം കൊണ്ട് പ്രസരണ, വിതരണ മേഖലകളിൽ തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിതരണ മേഖലയിൽ ഏതൊക്കെ പദ്ധതികൾ പ്രകാരം എത്ര രൂപയുടെ പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന വിവരം നൽകാമോ;

(സി) സംസ്ഥാനത്ത് ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിന് വരുന്ന കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**ആണവ, താപ വൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതം**

4337 **ശ്രീ കെ ആൻസലൻ**
**ശ്രീ എം മുകേഷ്**
**ശ്രീ. എൻ.കെ. അക്ബർ**

**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവ വൈദ്യുത നിലയത്തിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്; അർഹതപ്പെട്ട മുഴുവൻ വൈദ്യുതിയും ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കായംകുളം താപവൈദ്യുത നിലയത്തിന്റെ ഉല്പാദന ശേഷി എത്രയാണ്; എത്ര യൂണിറ്റാണ് നിലവിൽ ഉല്പാദിപ്പിക്കുന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത വൈദ്യുത നിലയത്തിൽ നിന്നും സംസ്ഥാനത്തിന് എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിക്കുന്നത്; എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിക്കേണ്ടതെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ സ്വകാര്യ വൈദ്യുത ഉല്പാദന കമ്പനികൾ ഏതൊക്കെയാണ്; ഓരോ കമ്പനിയുടേയും ഉല്പാദന ശേഷി എത്രയാണ്; നിലവിലെ ഉല്പാദനം എത്രയാണ്; ഇവ ഉല്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും സംസ്ഥാനം വാങ്ങാറുണ്ടോ; വ്യക്തമാക്കാമോ?

## <u>സംസ്ഥാനത്ത് ലഭ്യമാകുന്ന പ്രതിദിന വൈദ്യുതി വിഹിതം</u>

4338 **ഡോ.കെ.ടി.ജലീൽ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവൈദ്യുതിക്ക് പുറമേ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള പ്രതിദിന വൈദ്യുതി ഉത്പാദനം എത്ര യൂണിറ്റാണെന്ന് വിശദമാക്കുമോ ;

(ബി) എത്ര യൂണിറ്റ് വൈദ്യുതിയാണ് ഇപ്പോൾ പ്രതിദിനം സംസ്ഥാനം വാങ്ങുന്നത്; ഇതിൽ വിവിധ സംസ്ഥാനങ്ങളിലെ കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വിഹിതം എത്രയാണ് ;

(സി) സ്വകാര്യ മേഖലയിൽ നിന്നും സംസ്ഥാനം വൈദ്യുതി വാങ്ങുന്നുണ്ടോ; സംസ്ഥാനത്തിന് പുറത്തുനിന്നും ആഭ്യന്തരമായും എത്ര യൂണിറ്റ് വൈദ്യുതിയാണ് വാങ്ങുന്നത്; വ്യക്തമാക്കാമോ?

## <u>പുതുക്കാട് മണ്ഡലത്തിൽ കാർഷികാവശ്യത്തിനായി വൈദ്യുതി</u>

4339 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി പഞ്ചായത്തിലെ വടാന്തോൾ ദേശത്ത് കാർഷികാവശ്യത്തിനുള്ള ജലസേചന സൗകര്യത്തിനായി അരകിലോമീറ്ററോളം ലൈൻ വലിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ലൈൻ വലിച്ച് വൈദ്യുതി എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>കൽക്കരി ക്ഷാമം കാരണമുള്ള വൈദ്യുതി പ്രതിസന്ധി</u>

4340 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽക്കരി ക്ഷാമം കാരണമുള്ള വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് ഉപഭോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

**<u>വൈപ്പിൻ മണ്ഡലത്തിലെ ചെറായി-ഞാറക്കൽ ഡബിൾ സർക്യൂട്ട് ലൈൻ</u>**

4341 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ 24 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച ചെറായി-ഞാറക്കൽ 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ നിർമ്മാണത്തിന്റെയും ഞാറക്കൽ 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ പ്രവൃത്തിയുടേയും നിജസ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുമ്പോൾ നേരിട്ടേക്കാവുന്ന വൈദ്യുതി തടസ്സങ്ങൾ മൂലം ജനങ്ങൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ബദൽമാർഗങ്ങളെന്തെന്ന് വിശദമാക്കാമോ?

**<u>കാസർഗോഡ് ജില്ലയിലെ വൈദ്യുതി ഉപഭോക്താക്കൾ</u>**

4342 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര വൈദ്യുതി ഉപഭോക്താക്കളുണ്ടെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉപഭോക്താക്കൾ ഏതെല്ലാം കാറ്റഗറിയിലുള്ളവരാണെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ വൈദ്യുതി വകുപ്പിന്റെ ഒരു മാസത്തെ വരുമാനം സെക്ഷൻ തിരിച്ചും കാറ്റഗറി തിരിച്ചും വ്യക്തമാക്കാമോ;

(ഡി) ജില്ലയിൽ വൈദ്യുതി വകുപ്പിന്റെ ഒരു മാസത്തെ ചെലവ് എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ജില്ലയിൽ വൈദ്യുതി കണക്ഷന് കാത്തിരിക്കുന്നവർ എത്രയുണ്ടെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ; എത്രകാലമായി കാത്തിരിക്കുന്നുവെന്നും ഇതിനുള്ള കാരണമെന്താണെന്നും വിശദമാക്കാമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ</u>**

4343 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സർക്കാർ, എയ്ഡഡ് സ്കൂളുകളെയാണ് സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം വ്യക്തമാക്കുമോ?

## ചാത്തന്നൂർ മണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി

4344 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യുടെ പുരപ്പുറ സൗരോർജ്ജ പദ്ധതി (സബ്സിഡി സ്കീം) പ്രകാരം ചാത്തന്നൂർ മണ്ഡലത്തിൽ സോളാർ പാനലുകൾ സ്ഥാപിക്കാൻ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് ആയത് അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## സെക്ഷൻ ഓഫീസുകളുടെ ശാസ്ത്രീയ പുനക്രമീകരണം

4345 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ എണ്ണം, ഭൂമിശാസ്ത്രപരമായ സൗകര്യങ്ങൾ എന്നിവ പരിഗണിച്ച് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ ശാസ്ത്രീയമായി പുനക്രമീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

## ഇരിക്കൂർ മണ്ഡലത്തിലെ 110 കെ.വി. സബ്സ്റ്റേഷൻ

4346 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ തിമിരി വില്ലേജിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

## വണ്ടൂർ മണ്ഡലത്തിലെ കരുവാരകുണ്ട് സബ് സ്റ്റേഷൻ

4347 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജക മണ്ഡലത്തിലെ കരുവാരകുണ്ട് സബ് സ്റ്റേഷന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത സബ് സ്റ്റേഷന്റെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

## സഹകരണ ബാങ്ക് വായ്പയും റവന്യൂ റിക്കവറിയും

4348 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത എത്ര പേർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് വീടോ സ്ഥലമോ ജപ്തി ചെയ്ത എത്ര കേസുകൾ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) സഹകരണ ബാങ്കിൽ നിന്നുള്ള വായ്പ തിരിച്ചടവ് മുടങ്ങിയതിനെ തുടർന്ന് കുടിശ്ശികക്കാരൻ ആത്മഹത്യ ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കേന്ദ്ര സർക്കാരിന്റെ പുതിയ സഹകരണ നയം

4349 **ശ്രീ. പി.വി.അൻവർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിന്റെ പുതിയ സഹകരണ നയം സംബന്ധിച്ച് സംസ്ഥാനങ്ങളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; പുതിയ ഉണ്ടെങ്കിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര നയത്തോടുള്ള സംസ്ഥാനത്തിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ സംസ്ഥാനത്തിന്റെ ആശങ്കകൾ കേന്ദ്രത്തെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ?

## സഹകരണ നിയമത്തിലെ ഭേദഗതികൾ

4350 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലും സംഘങ്ങളിലും ക്രമക്കേടുകൾ ആവർത്തിക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർച്ചയായി രണ്ടു തവണയിലധികം ഒരാൾക്ക് ഭരണ സമിതി അംഗമാകാനാകില്ല എന്ന വ്യവസ്ഥ ഉൾപ്പെടുത്തി നിയമഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സഹകരണ നിയമത്തിൽ മറ്റ് എന്തെല്ലാം ഭേദഗതികൾ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## വിദ്യാതരംഗിണി പദ്ധതി

4351 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാതരംഗിണി പദ്ധതിയിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങൾ വഴി എത്ര പേർക്ക് വായ്പ നൽകിയിട്ടുണ്ട് എന്ന് അറിയിക്കാമോ?

**കാസർഗോഡ് ജില്ലയിലെ കെയർ ഹോം പദ്ധതി**

4352 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെയർ ഹോം പദ്ധതി പ്രകാരം നിർമിച്ച വീടുകളുടെ എണ്ണം മണ്ഡലം തിരിച്ച് വിശദമാക്കാമോ;

(ബി) ഏതെല്ലാം സഹകരണ സ്ഥാപനങ്ങളാണ് ഇതിനായി ധനസഹായം നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ സ്ഥാപനവും എത്ര രൂപ വീതം നൽകിയെന്നും എത്ര വീടുകൾക്കാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ കെയർ ഹോം പദ്ധതി**

4353 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

**കെയർ ഹോം പദ്ധതി 2 .0**

4354 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി 2.0 യുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**പൊതുനന്മ ഫണ്ട്**

4355 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ പൊതുനന്മ ഫണ്ട് നീക്കി വെക്കുന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; വാർഷിക ലാഭത്തിന്റെ എത്ര ശതമാനമാണ് പൊതുനന്മ ഫണ്ടായി മാറ്റി വെക്കുന്നതെന്ന് അറിയിക്കാമോ;

(ബി) സഹകരണ സ്ഥാപനങ്ങൾ പൊതുനന്മ ഫണ്ട് ചെലവഴിക്കുന്നതിന്റെ മാനദണ്ഡങ്ങൾ അറിയിക്കാമോ; പ്രസ്തുത ഫണ്ട് ചെലവഴിക്കുന്നതിന് സഹകരണ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; പ്രസ്തുത ഫണ്ട് ചെലവഴിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റ് ചെയ്യാറുണ്ടോ; വിശദമാക്കാമോ;

(സി) സഹകരണ സംഘങ്ങളുടെ ഭരണസമിതി തീരുമാനമില്ലാതെ പൊതുനന്മ ഫണ്ട്

വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകുന്നതിന് സാധിക്കുമോ; പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനു സഹകരണ സംഘം പ്രസിഡന്റുമാർക്കോ ചെയർമാൻമാർക്കോ സഹകരണ നിയമപ്രകാരം പ്രത്യേക അധികാരമുണ്ടോ;

(ഡി) 2001 മുതൽ 2005 വരെ മലപ്പുറം ജില്ലയിലെ നിലമ്പൂർ സഹകരണ അർബൻ ബാങ്ക് പൊതുനന്മ ഫണ്ടിൽ നിന്നും എത്ര രൂപയാണ് ചെലവഴിച്ചതെന്നും ഏതെല്ലാം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമാണ് പ്രസ്തുത ഫണ്ട് നൽകിയതെന്നുമുള്ള വിവരങ്ങളും അനുവദിച്ച ഇനം ഉൾപ്പെടെയുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഇ) സഹകരണ സംഘങ്ങളുടെ പൊതുനന്മ ഫണ്ട് സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതി അംഗങ്ങൾക്കോ ഭരണസമിതി അംഗങ്ങൾ ഉൾപ്പെട്ട സ്ഥാപനങ്ങൾക്കോ സഹകരണ നിയമപ്രകാരം അനുവദിക്കാനാവുമോ എന്ന് വ്യക്തമാക്കാമോ; ഇപ്രകാരം ഫണ്ട് നൽകുന്നത് അധികാര ദുർവിനിയോഗത്തിലും സ്വജന പക്ഷപാതത്തിലും ഉൾപ്പെടുന്നതല്ലേ; വ്യക്തമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ 'മുറ്റത്തെ മുല്ല' പദ്ധതി

4356 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'മുറ്റത്തെ മുല്ല' പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ വിവിധ കുടുംബശ്രീ യൂണിറ്റുകൾക്കായി എത്ര രൂപയുടെ വായ്പ അനുവദിച്ചുവെന്നും എത്ര പേർക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമായെന്നും അറിയിക്കാമോ?

## കുട്ടനാട്ടിൽ ടൂറിസം-വിദ്യാഭ്യാസ മേഖലകളിൽ കൂടുതൽ പദ്ധതികൾ

4357 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ ആഭിമുഖ്യത്തിൽ കുട്ടനാട്ടിൽ ടൂറിസം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ മുതൽ മുടക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) ആർ ബ്ലോക്ക് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ സഹകരണ കോളേജുകൾ, ടൂറിസം പദ്ധതികൾ, നാടൻ കലകളുടെ കേന്ദ്രം, കരകൗശല വസ്തുക്കളുടെ വിപണനം എന്നിവ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

## കെയർ ഹോം പദ്ധതി

4358 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ കെയർ ഹോം പദ്ധതി പ്രകാരം നിർമ്മിച്ച് നൽകിയ വീടുകളുടെ എണ്ണം അറിയിക്കാമോ; എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും നിലവിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങൾ കെയർ ഹോം പദ്ധതിയിലേക്ക് സംഭാവന നൽകിയിട്ടുണ്ടോ; എങ്കിൽ സംഭാവന നൽകിയ സ്ഥാപനങ്ങളുടെ വിശദാംശവും നൽകിയ തുകയും ലഭ്യമാക്കാമോ?

## ഏറനാട് മണ്ഡലത്തിൽ വിദ്യാ തരംഗിണി വായ്പ

4359 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാ തരംഗിണി വായ്പ എല്ലാ സഹകരണ സംഘങ്ങൾ വഴിയും നൽകുന്നുണ്ടോയെന്നും വായ്പയ്ക്ക് ജാമ്യ വ്യവസ്ഥകൾ ഉണ്ടായിരുന്നുവോയെന്നും വിശദമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിൽ വിദ്യാ തരംഗിണി വായ്പയ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര പേർക്ക് വായ്പ അനുവദിക്കാതിരുന്നുവെന്നും കാരണസഹിതം വ്യക്തമാക്കുമോ?

## മുറ്റത്തെ മുല്ല പദ്ധതി

4360 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുറ്റത്തെ മുല്ല പദ്ധതി വഴി ആലത്തൂർ മണ്ഡലത്തിലെ എത്ര കുടുംബശ്രീ യൂണിറ്റുകളിലെ എത്ര പേർക്ക് എത്ര തുക വിതരണം നടത്തിയിട്ടുണ്ട്; വിശദമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ കെയർ ഹോം പദ്ധതി

4361 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ കെയർ ഹോം പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾ എത്രയെന്നും അതിൽ പൂർത്തീകരിച്ചതും അല്ലാത്തതുമായ വീടുകളുടെ വിശദാംശങ്ങളും അറിയിക്കുമോ;

(ബി) സഹകരണ സംഘങ്ങൾ മുഖേന കുറഞ്ഞ പലിശ നിരക്കിൽ ഭവന വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വൈപ്പിൻ മണ്ഡലത്തിലെ റിസ്ക് ഫണ്ട്

4362 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ 2016 ജൂൺ 1 മുതൽ 2021 മെയ് 31 വരെ റിസ്ക് ഫണ്ട്, ക്ഷേമ വികസന പദ്ധതികൾ എന്നിവ പ്രകാരം സാമ്പത്തിക സഹായം ലഭിച്ചവരുടെ എണ്ണം, ആകെ അനുവദിച്ച തുക എന്നിവ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം സാമ്പത്തിക സഹായം ലഭിച്ചവരുടെ പേരുവിവരങ്ങളും നൽകിയ തുകയും സഹകരണസംഘത്തിന്റെ പേരും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(സി) വൈപ്പിൻ മണ്ഡലത്തിലെ ഓച്ചന്തുരുത്ത് കളത്തി വീട്ടിൽ ഷീല തോമസ് ഓച്ചന്തുരുത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നെടുത്ത ലോൺ റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

## പ്രവാസികൾക്കായി സഹകരണവകുപ്പിന്റെ പുനരധിവാസ പദ്ധതികൾ

4363 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിലെ തൊഴിൽ നിയമപരിഷ്കരണങ്ങൾ മൂലവും കോവിഡ് പശ്ചാത്തലത്തിലും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികൾക്ക് പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രവാസികൾക്കായി സ്വീകരിക്കുന്ന പുനരധിവാസ പദ്ധതികൾ വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ കെയർ ഹോം പദ്ധതി

4364 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കെയർ ഹോം പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം, ബാക്കിയുള്ള വീടുകളുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ?

## കേരള ബാങ്ക് മുഖേനയുള്ള കാർഷിക വായ്പകൾ

4365 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് മുഖേന ഈ സാമ്പത്തിക വർഷം നാളിതുവരെ എത്ര കോടി രൂപയുടെ കാർഷിക വായ്പ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) ത്രിതല സംവിധാനം ഒഴിവാക്കി കേരള ബാങ്കിന്റെ ദ്വിതീയ സംവിധാനം നടപ്പാക്കിയത് വഴി വായ്പയുടെ പലിശ നിരക്കിൽ കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കേരള ബാങ്കിന്റെ അംഗങ്ങളായ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ, അർബൻ ബാങ്കുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പുതിയ വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേരള ബാങ്കിന്റെ നിലവിലെ പ്രവർത്തനം

4366 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ നിലവിലെ പ്രവർത്തനം വിശദമാക്കുമോ;

(ബി) സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് വിഭിന്നമായി കേരള ബാങ്കിനുണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) കേരള ബാങ്കിൽ ലയിക്കാത്ത എത്ര ജില്ലാ സഹകരണ ബാങ്കുകൾ ഉണ്ട്; ഇവയുടെ ലയനം സാധ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) കേരള ബാങ്കിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഒഴിവുള്ള തസ്തികയിലെ നിയമനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## സഹകരണ പെൻഷൻ ബോർഡിന്റെ ഫണ്ട് വകമാറ്റൽ

4367 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പെൻഷൻ ബോർഡിന്റെ ഫണ്ട് ജില്ലാസഹകരണ ബാങ്കുകളിൽ അല്ലാതെ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലേക്ക് ഫണ്ട് വകമാറ്റുന്നതിന് ഭരണസമിതിയുടെയും സർക്കാരിന്റെയും അനുവാദം വാങ്ങിയിരുന്നോ; എങ്കിൽ അനുവാദം നൽകിയ തീയതിയും ഫണ്ട് മാറ്റിയ തീയതിയും അറിയിക്കാമോ;

(സി) പെൻഷൻ ചട്ടത്തിന് വിരുദ്ധമായി ഫണ്ട് വകമാറ്റിയതിന് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ നടപടി വിശദമാക്കാമോ?

## സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ

4368 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിൽ അപാകത സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശമ്പള പരിഷ്കരണത്തിലെ അപാകതകൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

## സഹകരണ ബാങ്കുകളിലെ ഔദ്യോഗിക പരിപാടികളിൽ പാലിക്കേണ്ട പ്രോട്ടോക്കോൾ

4369 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്റ് അംഗങ്ങൾ, നിയമസഭാംഗങ്ങൾ, തദ്ദേശ സ്വയംഭരണ പ്രതിനിധികൾ, ബാങ്ക് ഭരണസമിതി പ്രതിനിധികൾ, ബാങ്ക് ജീവനക്കാർ തുടങ്ങിയവർ പങ്കെടുക്കുന്ന സഹകരണ ബാങ്കുകളുടെ ഔദ്യോഗിക പരിപാടികളിൽ പാലിക്കേണ്ട പ്രോട്ടോക്കോൾ സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ നിലവിലുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രോട്ടോക്കോൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലില്ലെങ്കിൽ ആയത് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രോട്ടോക്കോൾ പ്രാബല്യത്തിൽ കൊണ്ടുവരാത്തതിന് കാരണം വ്യക്തമാക്കുമോ?

## മലപ്പുറം ജില്ല സഹകരണ ബാങ്ക്

4370 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ല സഹകരണ ബാങ്കിന്റെ ഷെയർ ക്യാപിറ്റൽ നിക്ഷേപമായ 23.46 കോടി രൂപ സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധനമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേരളാ ബാങ്ക് രൂപീകരണശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുവരെയുള്ള റിപ്പോർട്ടാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് പ്രകാരം സഞ്ചിത നഷ്ടം, നെറ്റ് പ്രോഫിറ്റ് എന്നിവ വിശദമാക്കാമോ;

(ഡി) കേരളബാങ്ക് രൂപീകരിച്ച ശേഷം അംഗ സംഘങ്ങൾക്ക് ഡിവിഡന്റ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം നൽകിയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നൽകാത്തതെന്നും വിശദമാക്കാമോ?

## തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

4371 **ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിലെ ചെക്കിടപാടുകൾ ഉൾപ്പെടെയുള്ള ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ക്രമക്കേടുമായി ബന്ധപ്പെട്ടവർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## കരുവന്നൂർ ബാങ്കിലെ ക്രമക്കേടിൽ സ്വീകരിച്ച നടപടികൾ

4372 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ 2016-21 കാലയളവിലെ ഏതെല്ലാം വർഷത്തെ ഓഡിറ്റാണ് സഹകരണ വകുപ്പ് ഓഡിറ്റർമാർ പൂർത്തീകരിച്ചതെന്ന് അറിയിക്കാമോ; ഏതെല്ലാം വർഷങ്ങളിൽ സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിച്ചുവെന്ന് തീയതി സഹിതം വെളിപ്പെടുത്തുമോ;

(ബി) സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ സഹകരണനിയമത്തിലെ വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ച തീയതി, അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് സമർപ്പിച്ച തീയതി എന്നിവ അറിയിക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് അലംഭാവം

ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) റിപ്പോർട്ട് സമർപ്പിച്ചതിന് ശേഷം നടപടി സ്വീകരിക്കാതെ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(എഫ്) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വായ്പാക്രമക്കേട് സംബന്ധിച്ച് ലഭിച്ച പരാതികളും അതിന്മേൽ സഹകരണ വകുപ്പ് സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(ജി) പ്രസ്തുത ബാങ്കിൽ നിന്ന് ക്രമക്കേട് നടത്തിയ തുക സമയബന്ധിതമായി വീണ്ടെടുക്കുന്നതിന് ഒരു സ്പെഷ്യൽ റിക്കവറി ഓഫീസറെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

## മലപ്പുറം എ.ആർ. നഗർ സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപം

4373 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം എ.ആർ. നഗർ സർവ്വീസ് സഹകരണ ബാങ്കിൽ കണ്ണൂർ ജില്ലയിലെ ഒരു പൊതുപ്രവർത്തകന് കോടികളുടെ നിക്ഷപമുണ്ടെന്ന പത്രവാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വ്യക്തി മരണപ്പെട്ട സാഹചര്യത്തിൽ നിക്ഷേപത്തിന് അനന്തരാവകാശികളെ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) നിക്ഷേപകന്റെ കുടുംബത്തിന് പണം തിരികെ ലഭിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

## കോതമംഗലം മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യം

4374 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്ന് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയെന്ന് ബാങ്ക് തിരിച്ചുള്ള വിവരം അറിയിക്കാമോ;

(സി) ഇതുവരെയും ആനുകൂല്യം അനുവദിച്ചുകിട്ടാത്ത അപേക്ഷകളിൽ ആനുകൂല്യം ലഭ്യമാക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) അർഹരായ എല്ലാവർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## തൃശ്ശൂർ താന്ന്യം പഞ്ചായത്ത് സഹകരണ ബാങ്കിലെ അന്വേഷണം

4375 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-

രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ താന്ന്യം പഞ്ചായത്ത് സഹകരണ ബാങ്കിന്റെ പെരിങ്ങോട്ടുകര ബ്രാഞ്ചിൽ നിന്നും പണയ സ്വർണം കളവ് പോയത് സംബന്ധിച്ച ക്രൈം ബ്രാഞ്ച് അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; കുറ്റവാളികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) അന്വേഷണം പൂർത്തീകരിച്ചിട്ടില്ലെങ്കിൽ അന്വേഷണം നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; സഹകരണ സ്ഥാപനങ്ങളിൽ നടക്കുന്ന അഴിമതിയും കളവുകളും അന്വേഷിക്കുന്നതിന് സ്വകാര്യ കുറ്റാന്വേഷണ ഏജൻസികളെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ മേൽപ്പറഞ്ഞ ബാങ്കിലെ പണയ സ്വർണം കളവുപോയ സംഭവത്തിൽ സ്വകാര്യ കുറ്റാന്വേഷണ ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തിയ സാഹചര്യം വ്യക്തമാക്കുമോ; പോലീസിൽ പരാതി നൽകാതെ സ്വകാര്യ അന്വേഷണ ഏജൻസിയെ നിയോഗിച്ച ബാങ്ക് ഭരണസമിതിക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## 'മുറ്റത്തെ മുല്ല' പദ്ധതി

4376 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുറ്റത്തെ മുല്ല പദ്ധതി വഴി ചാത്തന്നൂർ മണ്ഡലത്തിലെ ഏതെല്ലാം സഹകരണ ബാങ്കുകൾ കുടുംബശ്രീ യൂണിറ്റുകൾക്ക് വായ്പ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശംങ്ങൾ നൽകുമോ?

## സഹകരണ സംഘങ്ങളുടെ മിച്ചഫണ്ട്

4377 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ മിച്ചഫണ്ട് ഉപയോഗിച്ച് ഗ്രാമീണ പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഫണ്ടിൽ നിന്ന് ലൈഫ് പദ്ധതിക്കായി വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

4378 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എത്രയെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ?

## സ്വകാര്യ ബസ് വ്യവസായ രംഗത്തെ സഹകരണ സംഘങ്ങൾ

4379 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ് വ്യവസായ രംഗത്തെ സഹകരണ സംഘങ്ങൾ പ്രതിസന്ധി നേരിടുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) അടിക്കടിയുണ്ടാവുന്ന ഇന്ധന വിലവർദ്ധനവും സ്പെയർ പാർട്സുകളുടെ വില വർദ്ധനവും കാരണം സ്വകാര്യ ബസ് വ്യവസായ രംഗത്ത് നിന്ന് സഹകരണ സംഘങ്ങൾ പിൻമാറുന്ന സാഹചര്യം നിലവിലുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സംഘങ്ങളെ നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ

4380 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വായ്പാസഹകരണ സംഘങ്ങൾക്ക് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്ക് ഇടപാടുകാരാക്കി മാറ്റാൻ നടപടികൾ സ്വീകരിക്കുമോ?

## ഡിസ്ട്രിബ്യൂഷൻ കണക്ഷൻ നെറ്റ്‌വർക്ക് സംവിധാനം

4381 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പ്രസ്ഥാനങ്ങളെ കുടുംബശ്രീയുമായി സഹകരിപ്പിച്ച് ഡിസ്ട്രിബ്യൂഷൻ കണക്ഷൻ നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ യുവ സഹകരണ സംഘങ്ങൾ

4382 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ഇവയുടെ പ്രവർത്തന പരിധി എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## പേരാവൂർ കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റിയിലെ ചിട്ടി തട്ടിപ്പ്

4383 **ശ്രീ . സണ്ണി ജോസഫ്**
**ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റിയിൽ നടന്ന ചിട്ടി

തട്ടിപ്പിൽ അസിസ്റ്റന്റ് രജിസ്ട്രാർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ വ്യക്തമാക്കാമോ;

(ബി) പേരാവൂർ കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റിക്ക് ചിട്ടി നടത്താൻ സഹകരണ വകുപ്പ് അംഗീകാരം നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സൊസൈറ്റിയിലെ ചിട്ടിയിൽ നിക്ഷേപിക്കപ്പെട്ട തുക വകമാറ്റി ചെലവഴിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സൊസൈറ്റിയിൽ നടന്ന ചിട്ടി തട്ടിപ്പിൽ ഉൾപ്പെട്ടവരുടെ സ്വത്തുക്കൾ ക്രയവിക്രയം ചെയ്യാൻ അനുവദിക്കരുതെന്ന് ആവശ്യപ്പെട്ട് ജോയിന്റ് രജിസ്ട്രാർ, ജില്ലാ രജിസ്ട്രാർ എന്നിവർക്ക് കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>ന്യായവിലയ്ക്ക് നെല്ല് സംഭരണവും നെല്ല് സംസ്കരണവും</u>

4384 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്ന് ന്യായവിലയ്ക്ക് നെല്ല് സംഭരിച്ച് അരിയാക്കി വിപണനം നടത്തുന്നത് ലക്ഷ്യമിട്ട് സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ടോ; ഈ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് സംഘം ആസൂത്രണം ചെയ്യുന്നത്;

(ബി) സംസ്ഥാനത്തെ നെല്ല് സംസ്കരണത്തിന്റെ എത്ര ശതമാനം പ്രാതിനിധ്യമാണ് സംഘം ലക്ഷ്യമിടുന്നത്;വ്യക്തമാക്കാമോ?

## <u>ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ</u>

4385 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്രെഡിറ്റഡ് ഏജൻസികൾ അല്ലാത്ത ഏതൊക്കെ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കാണ് ടെണ്ടർ നടപടി ക്രമങ്ങളിൽ ഇളവുകൾ നൽകിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത ലേബർ കോൺട്രാക്ട് സൊസൈറ്റികളുടെ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

## <u>പേരാവൂർ ഹൗസ് ബിൽഡിംഗ് സൊസൈറ്റി ചിട്ടികൾ</u>

4386 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ ഹൗസ് ബിൽഡിംഗ് സൊസൈറ്റി നടത്തിയ ചിട്ടികളിൽ കേരള ചിട്ടി ഫണ്ട് റൂൾ പ്രകാരമുള്ള ഏതെല്ലാം ചട്ടങ്ങൾ ലംഘിച്ചിട്ടുണ്ട്; അതിലൂടെ സർക്കാരിനുണ്ടായ വരുമാനനഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര ചിട്ടി നിയമവും കേരള ചിട്ടി ഫണ്ട് റൂൾസും പ്രകാരം പ്രസ്തുത ലംഘനങ്ങൾ പരിശോധിച്ച് പിഴ ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ; ഈ ചിട്ടികളിൽ നിന്ന് ജി.എസ്.ടി. ഈടാക്കുകയോ നോട്ടീസ് നൽകുകയോ ചെയ്തിട്ടുണ്ടോ;

(സി) മറ്റ് സൊസൈറ്റികളിലും ഇത്തരത്തിലുള്ള തട്ടിപ്പുകൾക്ക് സാധ്യതയുള്ളതിനാൽ എല്ലാ സൊസൈറ്റികളിലും ചിട്ടി രജിസ്റ്റർ പരിശോധന നടത്തി സർക്കാരിന് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കാമോ;

(ഡി) കേന്ദ്ര ചിട്ടി നിയമം, കേരള ചിട്ടി ഫണ്ട് റൂൾസ് എന്നിവ പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ചിട്ടി നടത്തിപ്പിന് അനുമതി നൽകാനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കാമോ?

## പേരാവൂർ ഹൗസിംഗ് സഹകരണ സംഘത്തിന്റെ ചിട്ടി നടത്തിപ്പ്

4387 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ ഹൗസിംഗ് സഹകരണ സംഘത്തിന്റെ ചിട്ടി നടത്തിപ്പ് അവസാനിപ്പിക്കണമെന്നും നിക്ഷേപകർക്ക് പണം തിരികെ നൽകണമെന്നും സഹകരണ വകുപ്പ് നടത്തിയ ഓഡിറ്റ് റിപ്പോർട്ടിൽ നിർദേശിച്ചിരുന്നോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## പേരാവൂർ സഹകരണ ഹൗസ് ബിൽഡിംഗ് സൊസൈറ്റി

4388 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ സഹകരണ ഹൗസ് ബിൽഡിംഗ് സൊസൈറ്റിയ്ക്ക് ചിട്ടി നടത്തിപ്പിന് വകുപ്പ് അനുമതി നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ?

## സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾ യഥാസമയം തിരികെ നൽകാൻ വ്യവസ്ഥ

4389 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലേയും സഹകരണ സംഘങ്ങളിലേയും നിക്ഷേപങ്ങൾക്ക് മതിയായ സുരക്ഷ നൽകുന്നതിനും നിക്ഷേപിച്ച തുകയും പലിശയും യഥാസമയം തിരികെ നൽകുന്നതിനും ആവശ്യമായ വ്യവസ്ഥകൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സാമ്പത്തിക തിരിമറിയുടെ ഭാഗമായി നടക്കുന്ന അന്വേഷണങ്ങളുടെ പേരിൽ നിക്ഷേപ തുകയും പലിശയും നിക്ഷേപകർക്ക് മടക്കി നൽകുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ആലപ്പി സൈക്കിൾ അസംബ്ലിംഗ് വർക്കേഴ്സ് ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

4390 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ആലപ്പി സൈക്കിൾ അസംബ്ലിംഗ് വർക്കേഴ്സ് ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത സൊസൈറ്റി പ്രവർത്തിച്ചിരുന്ന സ്ഥലം സർക്കാർ ഏറ്റെടുക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>സഹകരണ സ്ഥാപനങ്ങളിലെ അഴിമതി</u>**

4391 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ സഹകരണ സ്ഥാപനങ്ങളിലെ അഴിമതിയെക്കുറിച്ചാണ് പരാതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് എതിരായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അഴിമതിയുമായി ബന്ധപ്പെട്ട് പ്രാഥമിക അന്വേഷണം നേരിട്ട എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രാഥമിക അന്വേഷണത്തിൽ തന്നെ അഴിമതിയുണ്ട് എന്ന് ബോധ്യപ്പെട്ട എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ട്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി പിരിച്ച് വിട്ട് അഡ്മിനിസ്ട്രേറ്റീവ് സംവിധാനത്തിൻ കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**<u>സർക്കാരിന്റെ മരാമത്ത് പ്രവൃത്തികൾ കരാർ ഏറ്റെടുത്ത് ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ</u>**

4392 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ മരാമത്ത് പ്രവൃത്തികൾ കരാർ ഏറ്റെടുത്ത് ചെയ്യുന്നതിന് സഹകരണ വകുപ്പിൽ രജിസ്റ്റർ ചെയ്ത് അനുമതി നൽകിയ എത്ര സഹകരണ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സ്ഥാപനങ്ങളുടെ പേരു വിവരങ്ങൾ വിശദമാക്കാമോ;

(സി) സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കുന്നുണ്ടോയെന്നത് പരിശോധിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ</u>**

4393 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഞ്ചരിക്കുന്ന എത്ര ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റോറുകൾ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ഓരോ സ്ഥലത്തും എത്തിച്ചേരുന്ന സമയവും വാഹനത്തിൽ ലഭ്യമായ സാധനങ്ങൾ സംബന്ധിച്ച വിവരവും ഉപഭോക്താക്കളെ

മുൻകൂട്ടി അറിയിക്കുന്നതിന് സാമൂഹിക മാധ്യമങ്ങൾ പ്രയോജനപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

## കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ

4394 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ കൺസ്യൂമർഫെഡ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഈ വർഷത്തെ ഓണവിപണിയിൽ കൺസ്യൂമർ ഫെഡ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## നീതി ലാബുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ നിയമനം

4395 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ കീഴിൽ പ്രവർത്തിക്കുന്ന നീതി ലാബുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ നിയമനം ഡിപ്പാർട്ട്മെന്റ് അംഗീകരിക്കാത്തത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ബേഡഡുക്ക പഞ്ചായത്തിലെ സഹകരണ പരിശീലന കേന്ദ്രം

4396 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിലെ മുന്നാട് കേന്ദ്രമായി ഒരു സഹകരണ പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചിട്ട് എത്ര വർഷമായെന്ന വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി എജ്യൂക്കേഷണൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി 15 സെന്റ് സ്ഥലം സഹകരണ യൂണിയന് വിട്ടുനൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) 2017 മേയ് മാസത്തിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ തറക്കല്ലിട്ട ഈ സ്ഥാപനത്തിന്റെ കെട്ടിടം പണി തുടങ്ങാതിരിക്കാനുള്ള കാരണം വിശദമാക്കാമോ?

## കുമ്പള, ചെങ്കള ആശുപത്രികൾക്ക് അധിക തസ്തിക

4397 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റിയുടെ കീഴിൽ കുമ്പള, ചെങ്കള എന്നീ സ്ഥലങ്ങളിലെ ആശുപത്രികൾക്ക് അധിക തസ്തികകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് സംഘം നല്കിയ പ്രപ്പോസലിൽ തീരുമാനമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാത്ത പ്രസ്തുത സംഘത്തിന്റെ പ്രപ്പോസലിൽ അനുമതി നൽകാനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

## സഹകരണ ആശുപത്രികൾക്ക് സർക്കാർ ധനസഹായം

4398 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ സഹകരണ ആശുപത്രികൾക്കാണ് ഈ സാമ്പത്തിക വർഷം ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തുക നൽകുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലാ സഹകരണ ആശുപത്രി സമർപ്പിച്ച സാമ്പത്തിക സഹായത്തിനുള്ള അപേക്ഷയിൽ എന്തു നടപടിയാണ് സ്വീകരിച്ചത്;

(ഡി) പ്രസ്തുത അപേക്ഷ പരിഗണിച്ച് സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

## കടാശ്വാസ പദ്ധതി

4399 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ ഒ . ആർ. കേളു**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവയിൽ 2016-21 കാലയളവിൽ കർഷക കടാശ്വാസത്തിന് അർഹതയുണ്ടെന്ന് കണ്ടെത്തിയ വായ്പകളിൽ കടാശ്വാസം വഴി എത്ര തുക എത്ര പേർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി,പട്ടികവർഗ്ഗ, പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കടാശ്വാസ പദ്ധതി പ്രകാരം 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ വിതരണം ചെയ്ത തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് മത്സ്യത്തൊഴിലാളി കടാശ്വാസമായി 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക എത്ര പേർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## സഹകരണ റിസ്ക് ഫണ്ട്

4400 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ റിസ്ക് ഫണ്ട് പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(ബി) സഹകരണ റിസ്ക് ഫണ്ടിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം വരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

4401 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് 09.02.2021 തീയതിയിൽ ഇറങ്ങിയ ഉത്തരവ് പ്രകാരം പ്യൂൺ/വാച്ച്മാൻ, ഡ്രൈവർ, ക്ലാർക്ക്/ കാഷ്യർ, പബ്ലിക് റിലേഷൻ ഓഫീസർ, ശാഖ മാനേജർ എന്നീ തസ്തികകളുടെ പുതിയ ശമ്പള സ്കെയിൽ നിർണ്ണയിച്ചപ്പോൾ ശമ്പളം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ഫോർമുല ബാധകമാക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ;

(ബി) ശമ്പള പരിഷ്കരണ ഫോർമുല മേൽ തസ്തികളുടെ ശമ്പള സ്കെയിലിൽ ബാധകമാക്കാത്തതിനാൽ 01.04.2017-ന് ശേഷം നേരിട്ട് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് ശമ്പള വർദ്ധനവ് ലഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് തീരുമാനത്തിലെത്തിയ ശമ്പള പരിഷ്കരണ ഫോർമുല എല്ലാ തസ്തികകളുടെ സ്കെയിലിലും ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് പ്രത്യേക കാരണമുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഒരേ റാങ്ക് ലിസ്റ്റിലെ ഒരേ നിയമന ശുപാർശയിൽ 01.04.2017-ന് മുൻപും ശേഷവും സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് വ്യത്യസ്ത നിരക്കിൽ അടിസ്ഥാന ശമ്പളം നിർണ്ണയിക്കുന്നതുമൂലം അടിസ്ഥാന ശമ്പളത്തിൽ വലിയ അന്തരം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥ പാറ്റേൺ

4402 **ഡോ. എം.കെ . മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ഉദ്യോഗസ്ഥ പാറ്റേൺ വർദ്ധിപ്പിക്കുവാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) സഹകരണ വകുപ്പിൽ പുതിയ ഓഡിറ്റർ/ഇൻസ്പെക്ടർമാരുടെ എത്ര തസ്തിക സൃഷ്ടിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഉദ്യോഗസ്ഥ പാറ്റേൺ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനം എടുക്കുന്നതിന് ഏതെങ്കിലും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്മിറ്റി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(ഡി) സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നിലവിലെ അനുപാതമായ 40:40:20 എന്നത് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പുതിയ അനുപാതം എങ്ങനെയെന്ന് തീരുമാനിച്ചിട്ടുണ്ടോ?

**നൂറ് ദിന കർമ്മ പദ്ധതിയുടെ പുരോഗതി**

4403 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ 10000 പേർക്ക് പുതിയ തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രഖ്യാപനത്തിന്മേൽ തൊഴിൽ ലഭിച്ചവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

**കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ സഹകരണ നയം**

4404 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ സഹകരണ നയം സഹകരണമേഖലയെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നയം മൂലമുണ്ടാകുന്ന ആശങ്ക കേന്ദ്രത്തെ അറിയിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പുതിയ കേന്ദ്ര വിജ്ഞാപനം വന്നാൽ സഹകരണ സംഘങ്ങളിലെ നിയമനങ്ങളെ ബാധിക്കാൻ സാധ്യതയുണ്ടോ;

(ഡി) നൈറ്റ് വാച്ച്മാനായി സഹകരണ സംഘങ്ങളിൽ വിമുക്ത ഭടന്മാരെ മാത്രമേ നിയമിക്കാവൂ എന്ന ചട്ടം മറികടന്ന് കഴിഞ്ഞ അഞ്ച് വർഷകാലയളവിൽ എത്ര നിയമനം നടത്തിയിട്ടുണ്ട്; വിശദമാക്കാമോ?

**അർബൻ ബാങ്കുകൾക്ക് റിസർവ് ബാങ്ക് നിയന്ത്രണങ്ങൾ**

4405 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിഷ്ക്രിയ ആസ്തി വർദ്ധനവിന്റെ പേരിൽ അർബൻ ബാങ്കുകൾക്ക് റിസർവ് ബാങ്ക് കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ അർബൻ ബാങ്കുകളുടെ താല്പര്യം സംരക്ഷിക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**കെയർ ഹോം പദ്ധതി**

4406 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി പ്രകാരം ഇരിക്കൂർ മണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിച്ചുവെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം സഹകരണ സ്ഥാപനങ്ങളാണ് പ്രസ്തുത പദ്ധതിയ്ക്കായി ധനസഹായം നൽകിയത്; ഓരോ സ്ഥാപനവും എത്ര രൂപ വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകൾക്കാണ് അനുമതി നൽകിയതെന്നും അവയിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ?

**അർബൻ ബാങ്കുകളിൽ അംഗങ്ങൾക്ക് ഓഹരി**

4407 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ ബാങ്കുകളിൽ അംഗങ്ങൾക്ക് ഓഹരിയിൽ പണം നിക്ഷേപിക്കുന്നതിനും തിരിച്ചെടുക്കുന്നതിനും കമ്പനി മാതൃകയിൽ നിയമം കൊണ്ടുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓഹരി തിരിച്ചു കൊടുക്കുന്നതിന് റിസർവ് ബാങ്കിന്റെ അനുമതി വേണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഇക്കാര്യത്തിൽ അർബൻ ബാങ്കുകളുടെ താല്പര്യം സംരക്ഷിക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**കെയർ ഹോം പദ്ധതി**

4408 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി പ്രകാരം നാളിതുവരെ സംസ്ഥാനത്ത് എത്ര വീടുകൾ പൂർത്തീകരിച്ചു എന്ന് അറിയിക്കാമോ;

(ബി) എത്ര വീടുകൾ പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ വീട് ലഭിച്ചവരുടെ തുടർ ക്ഷേമത്തിനായി ആവിഷ്കരിച്ച കെയർഗ്രേസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

**മാവേലിക്കര മണ്ഡലത്തിലെ തഴക്കരയിൽ ഫ്ലാറ്റ് നിർമ്മാണം**

4409 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ തഴക്കരയിൽ ഫ്ലാറ്റ് നിർമ്മിക്കുവാൻ സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഫ്ലാറ്റിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുമോ; വ്യക്തമാക്കുമോ?

**ഏത് രജിസ്ട്രാർ ഓഫീസിലും ആധാരം രജിസ്റ്റർ ചെയ്യാവുന്ന പദ്ധതി**

4410 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം സംസ്ഥാനത്തെ ഏത് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാവുന്ന പദ്ധതി നിലവിൽ വന്ന ശേഷം നാളിതുവരെ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള സബ് രജിസ്ട്രാർ ഓഫീസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് ഏതെങ്കിലും ജില്ലയിൽ പുതിയതായി സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## കോമ്പൗണ്ടിംഗ് പദ്ധതി

4411 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ അണ്ടർവാല്യൂവേഷൻ കേസ്സുകളിൽ തീർപ്പുകൽപ്പിക്കുന്ന കോമ്പൗണ്ടിംഗ് പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കാമോ?

## ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്

4412 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതിരുന്ന ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾക്ക് പിഴ ഒഴിവാക്കിനൽകി രജിസ്ട്രേഷൻ പുതുക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

## സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പരിഷ്കരണം

4413 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘടനകളുടെ കാര്യത്തിൽ ബ്രിട്ടീഷ് കാലത്തുള്ള നിയമങ്ങളാണ് നിലനിൽക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമ നിർമ്മാണം വഴി ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സംഘടനകളുടെ രജിസ്ട്രേഷൻ ഒരു തവണ പുതുക്കി നൽകിയാൽ പ്രസ്തുത കാലാവധിക്കുള്ളിൽ സംഘടനക്കെതിരെ വസ്തുതാപരമായ പരാതി ലഭിച്ചാലും സംഘടനകളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് രജിസ്ട്രാർക്ക് അധികാരമില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമ നിർമ്മാണം വഴി ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘടനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും, ഇടപെടുന്നതിനും നിയമം വഴി ജില്ലാ രജിസ്ട്രാർക്ക് അധികാരമുണ്ടോ; ഇല്ലെങ്കിൽ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(ഡി) രജിസ്ട്രാർ പ്രസ്തുത സംഘടനകളുടെ പ്രവർത്തനം സൂക്ഷ്മമായി നിരീക്ഷിച്ച്

നിജസ്ഥിതി ബോധ്യപ്പെട്ടതിനുശേഷം മാത്രമേ രജിസ്ട്രേഷൻ പൂതുക്കാവൂ എന്ന വ്യവസ്ഥ നിലവിലുണ്ടോ; ഇല്ലെങ്കിൽ നിയമ നിർമ്മാണം വഴി ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

## രജിസ്ട്രേഷൻ വകുപ്പിലെ പരിഷ്ക്കാരങ്ങൾ

4414 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ കാലാനുസൃതമായ പരിഷ്ക്കാരങ്ങൾ വരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള പദ്ധതി

4415 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷ നൽകി ഓൺലൈനായി പ്രിന്റ് എടുത്ത് ഉപയോഗിക്കാൻ സാധിക്കുന്നതുപോലെ ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഓൺലൈനായി അപേക്ഷ സമർപ്പിച്ച് പൊതുജനങ്ങൾക്ക് ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്ന പദ്ധതി രജിസ്ട്രേഷൻ വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) ഫയലിംഗ് ഷീറ്റിന്റെ കോപ്പിയല്ലാതെ അസ്സൽ ആധാരത്തിന്റെ ഡിജിറ്റലി സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാക്കാമോ?

## സ്വന്തമായി ആധാരം തയ്യാറാക്കാനുള്ള ഉള്ള നടപടിക്രമങ്ങൾ

4416 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ വ്യക്തികൾക്ക് സ്വന്തമായി ആധാരം തയ്യാറാക്കാനും രജിസ്റ്റർ ചെയ്യാനുമുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) വിവിധ തരത്തിലുള്ള ആധാരങ്ങൾ തയ്യാറാക്കുന്നതിന് മാതൃക നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) സാധാരണക്കാർക്ക് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്താൻ സാധിക്കുന്ന രീതിയിലുള്ള പ്രചാരണങ്ങൾ സർക്കാരിന്റെ ഭാഗത്ത് നിന്നും നടപ്പിലാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## തേഞ്ഞിപ്പലം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട വാടക

4417 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ തേഞ്ഞിപ്പാലം സബ് രജിസ്ട്രാർ ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ച ഇനത്തിൽ നൽകേണ്ട വാടക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് വകുപ്പിലോ സർക്കാരിലോ ഫയൽ പുരോഗമിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയലുകളിന്മേൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ?

## <u>രജിസ്ട്രേഷൻ ഓഫീസുകളുടെ ആധുനീകരണം</u>

4418 **ശ്രീ തോമസ് കെ തോമസ്**

**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**

**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രജിസ്ട്രേഷൻ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) രജിസ്ട്രേഷൻ വകുപ്പിലെ ആധുനീകരണം പൂർത്തീകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

## <u>വടക്കാഞ്ചേരി മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ നവീകരണം</u>

4419 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളും അതിന്റെ പുരോഗതിയും വിശദമാക്കാമോ;

(ബി) മണ്ഡലത്തിലെ ഏതെല്ലാം ഓഫീസുകളിലാണ് മോഡേൺ റിക്കാർഡ് റൂം ആരംഭിക്കാനുദ്ദേശിക്കുന്നതെന്നും അവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ചും വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## <u>പെൻഷനും മറ്റ് ആനുകൂല്യങ്ങളും പുതുക്കി നൽകുന്നതിന് നടപടി</u>

4420 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലാ രജിസ്ട്രാറുടെ (ജനറൽ) ഓഫീസിൽ നിന്നും 31/05/2015 ന് ജൂനിയർ സൂപ്രണ്ടായി വിരമിച്ച ശശീന്ദ്രൻ വി.കെ. യുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 04/ ഇ.കെ.എം./2150/2018 നമ്പർ വിധിപ്രകാരം പുതുക്കി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് അദ്ദേഹം രജിസ്ട്രേഷൻ ഐ.ജി. ക്ക് നൽകിയ അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത വിധിപ്രകാരം പുതുക്കിയ ആനുകൂല്യങ്ങൾ എത്ര സമയ പരിധിക്കുള്ളിൽ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

| | |
|---|---|
| സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം | എസ് വി ഉണ്ണികൃഷ്ണൻ നായർ,<br>സെക്രട്ടറി |

| | |
|---|---|
| **<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>** | നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)]. |